# സഹ്യനാദം

ലക്കം 5 | മെയ് 2023 | വാല്യം 20
ഇടുക്കി രൂപതാ ബുള്ളറ്റിൻ




## ഇടുക്കി രൂപതാ ദിനം

2023 | മെയ് | 16



മെയ്
1

അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
പിതാവിന്റെ മൂന്നാം ചരമവാർഷികം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 20
Issue No. : 5
Month : May 2023




*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Thomas Panjikunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Red Line Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com

### ഈ ലക്കത്തിൽ

| | |
|---|---|
| വിശുദ്ധ മൂറോന്റെയും മറ്റു തൈലങ്ങളുടെയും ഉപയോഗത്തെ സംബന്ധിച്ച സർക്കുലർ | 05 |
| മെയ്ദിന സന്ദേശം 2023 | 07 |
| നാളാഗമം | 12 |
| BISHOP'S ENGAGEMENTS | 15 |
| കച്ചേരി വാർത്തകൾ | 16 |
| സന്യസ്തർ | 26 |
| ക്രിസ്തുജ്യോതി | 36 |
| വിദ്യാഭ്യാസം | 37 |
| പാവനാത്മാ കോളേജ് | 38 |
| സാമൂഹ്യസേവനം | 40 |
| കെ.സി.എസ്.എൽ. | 42 |
| തിരുബാലസഖ്യം | 42 |
| ചെറുപുഷ്പ മിഷൻലീഗ് | 43 |
| കെ.സി.വൈ.എം. | 44 |
| ജീസസ് യൂത്ത് | 45 |
| കുടുംബ പ്രേഷിതത്വം | 48 |
| മാതൃവേദി | 49 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 53 |
| കത്തോലിക്കാ കോൺഗ്രസ് | 54 |
| വാർത്തകളും വിശേഷങ്ങളും | 55 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 57 |

***"God's gaze never stops with our past filled of errors, but looks with infinite confidence at what we can become."***

*Pope Francis, Tweet, 20-04-2023*

# ഓർമ്മിക്കാൻ

## മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ചരമവാർഷികം. |
| | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | : | വി. അത്തനേഷ്യസ് |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | : | വി. ഡോമിനിക്ക് സാവിയോ |
| 07 | : | മാർ അദ്ദായി |
| 12-14 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 13 | : | വി. മത്തിയാസ് ശ്ലീഹാ (14 ഞായർ) |
| 15 | : | വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകാമറിയം |
| 16 | : | ഇടുക്കി രൂപതാദിനം, വെള്ളയാംകുടി |
| 18 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 28 | : | പന്തക്കുസ്താത്തിരുനാൾ, ശ്ലീഹാക്കാലം ആരംഭിക്കുന്നു |
| | : | മതാധ്യാപക വാർഷിക കൺവൻഷൻ, വെള്ളയാംകുടി |
| 31 | : | പരിശുദ്ധ മറിയത്തിന്റെ സന്ദർശനം |

# വിശുദ്ധ മൂറോന്റെയും മറ്റു തൈലങ്ങളുടെയും ഉപയോഗത്തെ സംബന്ധിച്ച സർക്കുലർ

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ,

2023 ഏപ്രിൽ 3-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിശുദ്ധ മൂറോൻ കൂദാശ പരികർമ്മം ചെയ്യപ്പെട്ടു. നമ്മുടെയിടയിലെ പരിശുദ്ധാത്മ സാന്നിധ്യമാണ് വിശുദ്ധ മൂറോൻ. പ്രധാനമായും പ്രാരംഭ കൂദാശകളുടെ പരികർമ്മത്തിന് ഉപയോഗിക്കുന്ന ഈ തൈലത്തെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അറിയിക്കുകയാണ്.

1. ഇടവക ദൈവാലയങ്ങളിൽ വിശുദ്ധ മൂറോൻ വളരെ പൂജ്യമായി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം സൂക്ഷിക്കുന്നതിന് മദ്ബഹയിലോ, മാമ്മോദീസാത്തൊട്ടിയോടു ചേർന്നോ ചെറിയ ഒരു പേടകം (സക്രാരിയുടെ മാതൃകയിൽ) നിർമ്മിക്കുന്നത് ഉചിതമാണ്. ആ പേടകത്തിൽ നിന്ന് വിശുദ്ധ മൂറോൻ എടുക്കേണ്ടത് ബഹു. വൈദികർ മാത്രമായിരിക്കണം.
2. വിശുദ്ധ മൂറോൻ തൈലാഭിഷേകത്തിനും (സ്ഥൈര്യലേപനത്തിനും) പരി. മാമ്മോദീസായിലെ ജലവും രണ്ടാമത്തെ അഭിഷേകത്തിനുള്ള തൈലവും (നെഞ്ചിൽ പൂശുന്ന തൈലം) ആശീർവ്വദിക്കാനുമാണ് ഉപയോഗിക്കുന്നത്.
3. ഓരോ മാമ്മോദീസായിലും രണ്ടാമത്തെ തൈലം വിശുദ്ധ മൂറോൻ ഉപയോഗിച്ച് ആശീർവ്വദിച്ച സസ്യ എണ്ണയാണ് (സീറോ മലബാർ സഭയുടെ കൂദാശകൾ: ശിശുക്കളുടെ മാമ്മോദീസായും തൈലാഭിഷേകവും നിർദേശം 3). ഇപ്രകാരം തൊട്ടുമുമ്പ് നടന്ന മാമ്മോദീസായിൽ ആശീർവ്വദിച്ച് ഉപയോഗിച്ച രണ്ടാമത്തെ തൈലമാണ് തുടർന്നു വരുന്ന മാമ്മോദീസായിലെ ഒന്നാമത്തെ തൈലം (സീറോ മലബാർ സഭയുടെ കൂദാശകൾ: ശിശുക്കളുടെ മാമ്മോദീസായും തൈലാഭിഷേകവും നിർദേശം 11).

4. രോഗീലേപനത്തിന് വിശുദ്ധ മൂറോനോ, മാമ്മോദീസായിൽ ഉപയോഗിച്ച തൈലമോ അല്ല ഉപയോഗിക്കേണ്ടത്. രോഗീലേപന ശുശ്രൂഷയുടെ ഭാഗമായി പ്രത്യേകം വെഞ്ചരിച്ച തൈലമാണ് ഉപയോഗിക്കേണ്ടത്. ഓരോ രോഗീലേപന ശുശ്രൂഷയിലും തൈലം വെഞ്ചരിക്കുന്നതാണ് അഭികാമ്യം. ആ വെഞ്ചരിപ്പിൽ വിശുദ്ധ മൂറോൻ കലർത്തേണ്ടതുമില്ല. തൈലമായിട്ട് വെളിച്ചെണ്ണ, ഒലിവെണ്ണ, എള്ളെണ്ണ മുതലായ സസ്യ എണ്ണകൾ ഉപയോഗിക്കാവുന്നതാണ് (സീറോ മലബാർ സഭയുടെ കൂദാശകൾ, രോഗീലേപനം നിർദേശങ്ങൾ 4, 5).

5. ഓരോ വർഷവും കൂദാശ ചെയ്യപ്പെടുന്ന വിശുദ്ധ മൂറോൻ എല്ലാ ഇടവകകളിലും കൊണ്ടുപോയി സൂക്ഷിക്കേണ്ടതും ആണ്ടുവട്ടത്തിലെ കൂദാശകൾക്ക് അതാതു വർഷത്തെ വിശുദ്ധ മൂറോൻ ഉപയോഗിക്കേണ്ടതുമാണ്. മുൻ വർഷങ്ങളിലെ വിശുദ്ധ മൂറോൻ ദൈവലായങ്ങളിൽ ഉണ്ടെങ്കിൽ അതു പഞ്ഞിയിൽ ഒഴിച്ച് കത്തിച്ചുകളയേണ്ടതാണ്.

6. മാമ്മോദീസായിലും രോഗീലേപനത്തിലും റൂശ്മ കഴിഞ്ഞ് തൈലം തുടച്ചു മാറ്റാൻ ഉപയോഗിക്കുന്ന പഞ്ഞിയും തുണിയും കത്തിച്ചു കളയേണ്ടതാണ്.

7. ഇടവക ദൈവാലയങ്ങളിലേയ്ക്കുള്ള വിശുദ്ധ തൈലം ഇനിയും കൊണ്ടുപോകാനുള്ളവർ രൂപതാകച്ചേരിയിൽ നിന്നും കൊണ്ടുപോകേണ്ടതാണ്.

തൈലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടു നൽകുന്ന ഈ നിർദ്ദേശങ്ങൾ കൃത്യതയോടെ പാലിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കുകയും ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും പ്രസ്തുത കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

✠മാർ ജോൺനെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശുക്രിസ്തുവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും കൃപയും സമാധാനവും.

അദ്ധ്വാനത്തിൻെറ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ്ദിനത്തിന്റെയും, തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിൻെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പ്പിച്ച പ്രഥമ ഉത്തരവാദിത്വം; “നട്ടു നനയ്ക്കാനും വളർത്താനും” ആണ് (ഉല്പ. 2:15). ‘എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടുവിലയിരുത്തിയതിനെ” കാത്തു പാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലും രക്ഷാകരകർമ്മത്തിലുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽ നിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്ക് വന്നപ്പോഴാണ് തൊഴിലിന് പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നും നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽ മേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക-സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽ നിന്നും 35 കോടിയായി വർധിച്ചു. അതേസമയം ശതകോടീശ്വരന്മാരുടെ എണ്ണം 102 ൽ നിന്നും 166 ആയി വർദ്ധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിൻെറ 3 ശതമാനം മാത്രം ഉള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം മാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിൻെറ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്ക് പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസന വിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്ക വിധത്തിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളു.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി

പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ടില്ലായെന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതം അടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹിക സുരക്ഷാ പെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെ വയ്യ. അധികാരികൾക്ക് തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമ്മിക ചുമതലയുണ്ട്.

6. തൊഴിലാളി സൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ്ങ് സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലി ചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി.എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈ വിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ ഈ വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷകരാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്ക് വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത് ഖേദകരമാണ്. 'മൂലധനത്തേക്കാളും, മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന് സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തൊ സി 128). ചില വിഭാഗം തൊഴിലാളികളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയ രൂപത്തിൽ അവതരിപ്പിക്ക

പ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും, കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണ്ണമായും ഇല്ലാതാക്കേണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലി ചെയ്യുന്നത്. യുവജന കുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസിക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ തന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥിതൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പത് ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമ്മിക്കാനാണ്", ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സി.ബി.സി.ഐ. ലേബർകമ്മീഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും, തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ

നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ച് കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ്പോളിസി' നടപ്പിലാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളിസംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം. ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാ രൂപതകളിലും, ഫൊറോന ആസ്ഥാനങ്ങളിലും, സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളി സംഗമങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നടത്തുന്നത് നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോട് സർവാത്മന സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും പ്രത്യേകമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

NB:- 2023 ഏപ്രിൽ 30 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# നാളാഗമം

**മാർച്ച് 2023**

25 ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെയും ടീച്ചേഴ്സ് ഗിൽഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇരട്ടയാറിൽവച്ച് നടത്തിയ അധ്യാപക അവാർഡ്ദാന യാത്രയയപ്പ് സമ്മേളന ത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

* ഇടുക്കി രൂപത എ.കെ.സി.സി. അടിമാലിയിൽ സംഘടിപ്പിച്ച കർഷക പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

29 രൂപതയിലെ വൈദികരുടെ മാതാപിതാക്കളെ സന്ദർശിച്ചു.

* നാലാം വർഷ സെമിനാരി വിദ്യാർത്ഥികളുടെ പരിശീലന ഭവന മായ രാജാക്കാട് സെന്റ് ജോസഫ് ഫോർത്ത് ഇയർ ഹൗസ് സന്ദർശിച്ച് സെമിനാരി വിദ്യാർഥികളുടെയും സെമിനാരി പരി ശീലനത്തിന്റെയും അവലോകനം നടത്തി.

30 പരേതനായ ജോസഫ് പാപ്പാടി അച്ചന്റെ വത്സല മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കൂമ്പൻപാറ ഫാത്തിമ മാതാ ഫൊറോനാ ദൈവാലയത്തിൽ വച്ച് മുഖ്യകാർമ്മികത്വം വഹിച്ചു.

31 തീർത്ഥാടന കേന്ദ്രമായ എഴുകുംവയൽ കുരിശുമലയിലേക്ക് കാൽനടയായി പാണ്ടിപ്പാറ പള്ളിയിൽ നിന്നും ആരംഭിച്ച പരി ഹാരപ്രദക്ഷിണത്തിന് നേതൃത്വം നൽകുകയും തുടർന്ന് നടന്ന വിശുദ്ധബലിയിൽ മുഖ്യകാർമികത്വം വഹിച്ച് നോമ്പുകാല സ ന്ദേശം നൽകുകയും ചെയ്തു.

**ഏപ്രിൽ 2023**

01 തൂക്കുപാലം ഇടവകയിൽവച്ച് നടന്ന വാർഷിക കൺവൻഷൻ സമാപനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

02 നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയ ത്തിൽവച്ച് ഓശാന തിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർ മികത്വം വഹിച്ചു. തുടർന്ന് രോഗികളായി കിടക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

03 രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

04 ഇടുക്കി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്കായുള്ള പൊതുമാസ ധ്യാനത്തിൽ സംസാരിക്കുകയും വിശുദ്ധ മൂറോൻ കൂദാശ കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

05 രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിൽ നാൽപതുമണി ആരാധനയ്ക്ക് സമാപനം കുറിച്ചുകൊണ്ട് ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുകയും ചെയ്തു.

* മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിലെ കുട്ടികൾക്കായി ഇന്റർവ്യൂ നടത്തി.

06 ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ പെസഹാ വ്യാഴാഴ്ച തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

07 എഴുകുംവയൽ കുരിശുമലയിലേക്ക് പരിഹാരപ്രദക്ഷിണം നടത്തി ദുഃഖ വെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും പീഡാനുഭവ സന്ദേശം നൽകുകയും ചെയ്തു.

08 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വലിയ ശനിയാഴ്ച തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

09 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പ് ഞായർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയ ജയ്മാതാ എസ്.എ.ബി.എസ്. പ്രോവിൻസിലെ നവസന്യാസിനികൾക്ക് സന്യാസ സഭാവസ്ത്രം നൽകി.

12 മഞ്ഞപ്പെട്ടി സെന്റ് മേരിസ് ഇടവകാംഗമായ ഡീക്കൻ സ്റ്റീഫൻ മണ്ണാറത്തിന് തിരുപ്പട്ടം നൽകി.

* എഫ്.സി.സി. നിർമ്മൽ റാണി പ്രോവിൻസ് അംഗമായ സി. ലോറൻസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13 അടിമാലി ആത്മജ്യോതി പാസ്റ്റർ സെന്ററിൽ വച്ച് നടന്ന ഇടുക്കി രൂപതയിലെ സന്യാസിനികളുടെ സ്നേഹ സംഗമത്തിൽ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

* അടിമാലി മോർണിംഗ് സ്റ്റാർ നഴ്സിംഗ് സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസ അർപ്പിച്ചു.

14 നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന ഇടുക്കി രൂപതയിലെ സന്യാസിനികളുടെ സ്നേഹസംഗമത്തിൽ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

15 പാറത്തോട് ഡോട്ടേഴ്സ് ഓഫ് ചാരിറ്റി സന്ന്യാസിനി സമൂഹം പുതുതായി നിർമ്മിച്ച മഠം വെഞ്ചെരിച്ച്, ചാപ്പൽ കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി.

* പച്ചടിയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

16 ആനച്ചാൽ സെന്റ് ജോർജ് ദൈവാലയത്തിന് ദിവ്യബലി അർപ്പിക്കാൻ താൽക്കാലികമായി നിർമ്മിച്ച ഹാളിന്റെ വെഞ്ചെരിപ്പ് കർമ്മം നിർവഹിച്ചു.

* സിസ്റ്റർ ടെസ്ലിൻ സി.എം.സി.യുടെ വത്സല പിതാവ് വർക്കി മത്തായി കൊല്ലറയ്ക്കലിനു വേണ്ടി രാജകുമാരിയിലുള്ള ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

* നെടുങ്കണ്ടം കരുണ ഡിവൈൻ ചാപ്പലിൽ വച്ച് നടന്ന കൺവൻഷന്റെ സമാപനത്തിലും ദൈവകരുണയുടെ തിരുനാൾ പുതുഞായർ തിരുകർമ്മങ്ങളിലും മുഖ്യ കാർമ്മികത്വം വഹിച്ചു.

18 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന കർമ്മൽമാതാ സന്യാസിനികളുടെ സന്യാസ സഭാവസ്ത്ര സ്വീകരണത്തിലും പ്രഥമവ്രത വാഗ്ദാനത്തിലും മുഖ്യ കാർമ്മികത്വം വഹിച്ചു.

19 വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു.

20 ബഹുമാനപ്പെട്ട ജോസഫ് പാപ്പാടി അച്ചന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് കൂമ്പൻപാറ ഫാത്തിമ മാതാ പള്ളിയിൽ വച്ച് നടന്ന ദിവ്യബലിയിലും ഒപ്പീസിലും മുഖ്യ കാർമ്മികത്വം വഹിച്ചു.

* നാലാമത് ഫിയാത്ത് മിഷൻ തൃശൂർ ജറൂസലേം ധ്യാന കേന്ദ്രത്തിൽ സംഘടിപ്പിച്ച ജിജിഎം മിഷൻ കോൺഗ്രസിൽ പങ്കെടുത്തു.

## BISHOP'S ENGAGEMENTS

**മെയ് 2023**

01 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ - മൂന്നാം ചരമ വാർഷികം, വാഴത്തോപ്പ്

വിശുദ്ധ കുർബ്ബാന, കൂമ്പൻമല

കുരിശടി വെഞ്ചെരിപ്പ്, നെല്ലിപ്പാറ

02 ജൂബിലി കൂർബ്ബാന, എല്ലക്കല്ല്

03 സഭാവസ്ത്രസ്വീകരണം, എസ്.എച്ച്.

06 സിൽവർ ജൂബിലി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ്

ജൂബിലി, കോമ്പയാർ

11 ജൂബിലി, എഫ്.സി.സി.

15 Engaged

16 രൂപതാ ദിനം, വെള്ളയാംകുടി

18 ജൂബിലി, പേഴുംകണ്ടം

20 മൈനർ സെമിനാരി, തടിയമ്പാട്

പാറത്തോട്

21 ഇടവക സന്ദർശനം, വട്ടപ്പാറ

22 തിരുപ്പട്ട സ്വീകരണം, ചെമ്മണ്ണാർ

23 ജൂബിലി, തൊടുപുഴ

27 ജോർദ്ദാനിയ മാമ്മോദീസാ, മുരിക്കാശ്ശേരി

28 മുരിക്കാശ്ശേരി

വിശുദ്ധ കുർബ്ബാന, വെള്ളയാംകുടി

30 Vincent de Paul

## C. 39/23 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 301 മുതൽ 307 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 40/23 രൂപതാദിനാചരണം – മെയ് 16 ന്

ഇടുക്കി രൂപത സ്ഥാപിതമായിട്ട് രണ്ട് ദശകങ്ങൾ പൂർത്തിയാകുകയാണ്. ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുവാനെന്നോണമാണ് ഇടുക്കി രൂപതയുടെ പ്രഥമ രൂപതാദിനം നാം ആചരിക്കുന്നത്. രൂപതാദിനാചരണം മെയ് 16 ന് ആണെങ്കിലും ഏപ്രിൽ 16 മുതൽ മെയ് 16 വരെ ഇടവക-ഫൊറോന-രൂപത തലങ്ങളിലുള്ള വിവിധ പരിപാടികൾ ഇതിന്റെ അവിഭാജ്യ ഘടകങ്ങളായി മാറത്തക്ക വിധത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒരു മാസം നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് ഏപ്രിൽ 16 ന് നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പേപ്പൽ പതാക ഉയർത്തിക്കൊണ്ട് തിരികൊളുത്തി. അന്നേദിവസം പള്ളികളിലും, മഠങ്ങളിലും മറ്റിതര സ്ഥാപനങ്ങളിലും, വീടുകളിലും കൊടി ഉയർത്തിക്കൊണ്ട് പതാകദിനമായി ആചരിച്ചു. താഴെപ്പറയുന്ന പരിപാടികളാണ് രൂപതാദിനാചരണവുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തിരിക്കുന്നത്:

- പതാകദിനം
- ഭവനങ്ങളിലും പള്ളികളിലും ചൊല്ലാനുള്ള പ്രാർത്ഥനാ കാർഡ്
- പള്ളികളിൽ പ്രദർശിപ്പിക്കാനുള്ള ഫ്ളെക്സ്
- പ്രതിപാദ്യഗാന (theme song) മത്സരം
- കൂട്ടായ്മകളിൽ വായിക്കേണ്ടണ്ട ലഘുലേഖ
- ഇടവകകളിൽ സായാഹ്നസദസ്സുകൾ
- മെയ് 7 – എല്ലാ ഇടവകകളിലും 1 മണിക്കൂർ ആരാധന.
- മെഗാ ക്വിസ് – യുവജനങ്ങൾക്ക് – മെയ് 6 ന് പ്രാഥമിക മത്സരം.

സമ്മാനങ്ങൾ : 10,000 രൂ., 7,000 രൂ., 5,000 രൂ. ഫൈനൽ : മെയ് 13 ന് ആത്മജ്യോതിയിൽ

- യുവജനങ്ങളുടെ നേതൃത്വത്തിൽ ബൈക്ക് വിളംബര റാലി
- വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിലുള്ള FLAB ഫുട്ബോൾ മത്സരം

**ആദരിക്കൽ - താഴെപ്പറയുന്ന വിഭാഗങ്ങളിൽ പ്രതിഭ തെളിയിച്ചവർക്ക്**

- മതബോധനം
- കാർഷികരംഗം
- യുവജന പ്രതി ( Youth Icon)
- സംരംഭകർ - പുരുഷൻ, സ്ത്രീ
- ജീവകാരുണ്യ പ്രവർത്തനം
- സമുദായ സേവനം
- കലാ-കായിക പ്രതി
- മാധ്യമ രംഗം
- ആതുരശുശ്രൂഷ
- ദേവാലയശുശ്രൂഷികൾ (15 വർഷത്തിനു മുകളിൽ സേവനം ചെയ്തവർ)
- കൈക്കാരന്മാർ (15 വർഷത്തിനു മുകളിൽ സേവനം ചെയ്തവർ)
- രുപതയിലെ ഏറ്റവും കൂടുതൽ മക്കളുള്ളവർ (2000 നു ശേഷം വിവാഹിതരായവർ)
- രൂപതയിലെ ഏറ്റവും പ്രായം കൂടിയ വ്യക്തി (Certified Copy of Date of Birth)
- ഏറ്റവും പ്രായം കൂടിയ രൂപതാ വൈദികൻ
- രൂപതയിലെ ഏറ്റവും പ്രായം കൂടിയ സന്ന്യാസിനി/സന്ന്യാസി

മെയ് 16 രാവിലെ 9 മണിക്കുള്ള ദിവ്യബലിക്കുശേഷം വെള്ളയാംകുടി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നഗറിൽ ചേരുന്ന സമ്മേളനത്തിൽ രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ അധ്യക്ഷനായിരിക്കും. മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സമ്മേളനത്തിൽ മാർ ജോർജ് പുന്നക്കോട്ടിൽ, പ്രഫ. കെ.എം. ഫ്രാൻസിസ്, മന്ത്രി റോഷി അഗസ്റ്റിൻ, അഡ്വ. ഡീൻ കുര്യാക്കോസ് എം.പി. തുടങ്ങിയവർ സംസാരിക്കും. ഇടവക പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഭക്ത

സംഘടനാ ഭാരവാഹികൾ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരടങ്ങിയ പ്രാതിനിധ്യസ്വഭാവമുള്ള ഒരു സദസ്സായിരിക്കും സമ്മേളനത്തിന്റേത്. പ്രതിഭകളെ ആദരിക്കൽ, വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യൽ തുടങ്ങിയവയും സമ്മേളനത്തിന്റെ ഭാഗമായിരിക്കും.

എല്ലാവരുടെയും അകമഴിഞ്ഞ സാന്നിധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

ഫാ. ജോസ് പ്ലാച്ചിക്കൽ
ജനറൽ കൺവീനർ

## C. 41/23 വൈദികരുടെ പ്രാർത്ഥനാദിനം

പ്രിയ അച്ചൻമാരേ, രൂപതയുടെ ആത്മീയ വളർച്ചയ്ക്കും വൈദികരുടെ വിശുദ്ധീകരണത്തിനുമായി മാർച്ച് 1 മുതൽ ആരംഭിച്ച നമ്മുടെ രൂപതയിലെ വൈദികരുടെ പ്രാർത്ഥനാദിനം തുടരുകയാണ്. ഇതുവരെ ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കാളികളായ എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. **മെയ്, ജൂൺ** മാസങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. രാജകുമാരി തീർത്ഥാടന കേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം.

| Date | Day | NAMES |
|---|---|---|
| 01/05/23 | Monday | Fr. Joseph Kochozhathil |
| 02/05/23 | Tuesday | Fr. Joseph Kochukunnel |
| 03/05/23 | Wednesday | Fr. Abraham Kochuparambil |
| 04/05/23 | Thursday | Fr. Jose Kochupurackal |
| 05/05/23 | Friday | Fr. Sebastian Kochupurackal |
| 08/05/23 | Monday | Fr. Dominic Koickal |
| 09/05/23 | Tuesday | Fr. Joseph Koickal |
| 10/05/23 | Wednesday | Fr. George Kolathupadavil |
| 11/05/23 | Thursday | Fr. Joseph Kollakombil |

| | | |
|---|---|---|
| 12/05/23 | Friday | Fr. George Kollamparambil |
| 15/05/23 | Monday | Fr. Joseph Kollikulavil |
| 17/05/23 | Wednesday | Fr. Thomas Kulamackal |
| 18/05/23 | Thursday | Fr. Joseph Poovathinkal |
| 19/05/23 | Friday | Fr. Cherian Thumpayilputhenpura |
| 22/05/23 | Monday | Fr. Joseph Kumarakathukalayil |
| 23/05/23 | Tuesday | Fr. Zacharias Kummannooparambil |
| 24/05/23 | Wednesday | Fr. Antony Kunnathumparayil |
| 25/05/23 | Thursday | Fr. Augustine Kuthanapillil |
| 26/05/23 | Friday | Fr. Emmanuel Kuthanapillil |
| 29/05/23 | Monday | Fr. Joseph Kuttikattu |
| 30/05/23 | Tuesday | Fr. Mathew Kuzhikandathil |
| 31/05/23 | Wednesday | Fr. Francis Kuzhippallil |
| 1/06/23 | Thursday | Fr. Joseph Thomas Kuzhiyamplavil |
| 2/06/23 | Friday | Fr. James Makkiyil |
| 5/06/23 | Monday | Fr. Michael Malieckal |
| 6/06/23 | Tuesday | Fr. Thomas Maniyattu |
| 7/06/23 | Wednesday | Fr. Jose Marattil |
| 8/06/23 | Thursday | Fr. Joseph Mathalikunnel |
| 9/06/23 | Friday | Fr. Kuriakose Mattam |
| 12/06/23 | Monday | Fr. Philip Mattam |
| 13/06/23 | Tuesday | Fr. Varghese Mattathil |
| 14/06/23 | Wednesday | Fr. Jose Mavelikunnel |
| 15/06/23 | Thursday | Fr. Mathew Meckal |
| 16/06/23 | Friday | Fr. Sebastian Melettu |
| 19/06/23 | Monday | Fr. Joseph Menammoottil |
| 20/06/23 | Tuesday | Fr. Thomas Menamthundathil |

| | | |
|---|---|---|
| 21/06/23 | Wednesday | Fr. John Mundackattu |
| 22/06/23 | Thursday | Fr. George Nampiaparambil |
| 23/06/23 | Friday | Fr. Jose Narithookkil |
| 26/06/23 | Monday | Fr. Thomas Nechukattu |
| 27/06/23 | Tuesday | Fr. Mathew Njavarakkattu |
| 28/06/23 | Wednesday | Fr. Joseph Paimpallil |
| 29/06/23 | Thursday | Fr. James Palackamattathil |
| 30/06/23 | Friday | Fr. Joseph Palakudiyil |

പ്രോട്ടോസിഞ്ചെല്ലൂസ്

## C. 42/23 വാർഷിക ഓഡിറ്റിംഗ്

പ്രിയ ബഹുമാനപ്പെട്ട അച്ചൻമാരെ,

2022 - 2023 ധനകാര്യ വർഷത്തെ ആദ്യ ബാച്ച് ഓഡിറ്റിംഗ് 2022 മെയ് നാലാം തീയതി വ്യാഴാഴ്ച 09 am - 05 pm വരെ കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടത്തുന്നതാണ്. ഈ വർഷം സ്ഥലംമാറ്റം ഉള്ള ബഹു. അച്ചൻമാർ, വാർഷിക പൊതുയോഗം കൂടി, തിരട്ടുകൾ പാസാക്കി ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ ഓഡിറ്റിങ്ങിന് വരാവുന്നതാണ്. ഓരോ പള്ളികളിൽ നിന്നും തന്നാണ്ട് വർഷം ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്യാഷ് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെയും, ക്യാഷ് ആയിട്ട് ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ട് എങ്കിൽ അതിന്റെയും date wise ഡീറ്റെയിൽസും (bank account wise) തയ്യാറാക്കി ഈ വർഷത്തെ ഓഡിറ്റിങ്ങിന് ഹാജരാക്കേണ്ടതാണ്. കൂടാതെ തിരട്ട് ബുക്ക്, പേരേട്, നാൾവഴി, ബാങ്ക് സ്റ്റേറ്റ്മെൻസ്, F.D. Receipts ന്റെ Photocopy, പുതിയ കൈക്കാരന്മാരുടെ അഡ്രസ്സ്, അവരുടെ മൊബൈൽ നമ്പർ, ആധാർ കാർഡിന്റെ കോപ്പി, പാൻകാർഡിന്റെ കോപ്പി മുതലായവ ഹാജരാക്കേണ്ടതുമാണ്.

സ്നേഹപൂർവ്വം,

Fr. Joseph Thachukunnel
(Procurator).

| **C. 43/23** MAJOR SEMINARY FUND 2021-2022 | |
|---|---|
| **CHURCHES** | **RECEIVED AMOUNT** |
| ADIMALI | 10,000.00 |
| AYIRAMEKKAR | 30,000.00 |
| ALPARA | |
| ALPHONSANAGAR | |
| ANACHAL | |
| ANAKULAM | 9,000.00 |
| ANTOPURAM | 10,000.00 |
| BAISONVALLEY | |
| BETHEL | |
| BOOMIYAMKULAM | |
| CALVARYMOUNT | 35,000.00 |
| CHELLIAMPARA | 15,000.00 |
| CHEMBAKAPPARA | 20,000.00 |
| CHEMBALAM | 4,000.00 |
| CHEMMANNAR | |
| CHINNAR NIORAPPU | |
| CHURULI | 15,000.00 |
| EATTITHOPPU | 15,000.00 |
| ELLAKKAL | 25,000.00 |
| ERATTAYAR | 50,000.00 |
| EZHUKUMVAYAL | 25,000.00 |
| GEORGIYAR | 7,000.00 |
| IDUKKI | |
| IRUMBUPALAM | |
| JOSEGIRI | 20,000.00 |
| JOSEPURAM | |
| KAILASAM | |
| KALLAR | |

| | |
|---|---|
| KALLARKUTTY | |
| KALLUPALM | 25,000.00 |
| KAMASHY | 25,000.00 |
| KANAKAKKUNNU | |
| KANCHIYAR | |
| KANJIKKUZHI | 20,000.00 |
| KANTHALLUR | |
| KANTHIPPARA | 10,000.00 |
| KARIKKUMTHOLAM | 10,000.00 |
| KARIMALA | |
| KARIMBAN | |
| KARITHODU | |
| KATTAKKALA | |
| KEERITHODU | |
| KILIYARKANDAM | |
| KOMBAYAR | |
| KOOMBANPARA | 25,000.00 |
| KOZHIMALA | 7,000.00 |
| KUNCHITHANNI | 25,000.00 |
| KURISSUPARA | 5,000.00 |
| KUTHIRAKALLU | |
| KUTHUPARA | 15,000.00 |
| LOWER KULAMAVU | |
| MACHIPLAVU | 10,000.00 |
| MAILADUMPARA | 25,000.00 |
| MANIYARANKUDY | |
| MANJAPPARA | 15,000.00 |
| MANJAPPETTY | |
| MANKULAM | 35,000.00 |
| MANKUVA | |

| | |
|---|---|
| MARIYAPURAM | 50,000.00 |
| MAVADY | 25,000.00 |
| MARYLAND | 10,000.00 |
| MUKKUDAM | 7,000.00 |
| MULAKARAMEDU | |
| MULAKUVALLY | 5,000.00 |
| MURIKKASSERY | 35,000.00 |
| MURIKKUMTHOTTY | 50,000.00 |
| MUTTUKADU | |
| NANKUTHOTTY | |
| NARAKAKKANAM | 25,000.00 |
| NAZRATHUVALLEY | |
| NEDUMKANDAM | 25,000.00 |
| NEELIVAYAL | 5,000.00 |
| NELLIPPARA | 25,000.00 |
| PACHADY | |
| PAINAVU | |
| PALAR | |
| PALLANADU | |
| PANAMKUTTY | 12,000.00 |
| PANDIPPARA | 35,000.00 |
| PANIKANKUDY | |
| PANNIYARKUTTY | |
| PARATHODU | 50,000.00 |
| PAZHAYARIKKANDAM | 10,000.00 |
| PERINCHAMKUTTY | 20,000.00 |
| PEZHUMKANDAM | 25,000.00 |
| PONMUDY | 35,000.00 |
| PONNAMALA | |
| POTHUPAARA | |

| | |
|---|---|
| POTTANKADU | 25,000.00 |
| RAJAKKADU | 50,000.00 |
| RAJAKUMARY | 75,000.00 |
| RAJAMUDY | 25,000.00 |
| RAJAPURAM | |
| SAHAYAGIRI | |
| SANTHIGRAM | 10,000.00 |
| SLEEVAMALA | 15,000.00 |
| SNEHAGIRI | |
| THANKAMANY | 25,000.00 |
| THANNIKKANDAM | |
| THATTEKKANNI | |
| THINGAL KADU | |
| THOKKUPARA | 35,000.00 |
| THOOKKUPALAM | |
| THOPRAMKUDY | 25,000.00 |
| THOVARAYAR | 35,000.00 |
| UDAYAGIRI | |
| UPPUTHODU | |
| VATHIKKUDY | 6,000.00 |
| VATTAPPARA | |
| VAZHATHOPPU | 25,000.00 |
| VAZHAVARA | |
| VELLATHOOVAL | |
| VELLAYAMKUDY | 75,000.00 |
| VENMONY | 10,000.00 |
| VIMALAGIRI | |
| **TOTAL** | **14,27,000.00** |

**C. 44/23** **തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. ഫിലിപ്പ് ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ | ” |

*Bishop*

# സന്ന്യസ്തർ

## 1. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

### ❖ നിത്യതയിലേയ്ക്ക്

**ബഹു. മദർ ലോറൻസ് എഫ്.സി.സി**



ജനനം : 14.06.1934
ആദ്യവ്രതം : 07.05.1957
നിത്യവ്രതം : 09.05.1960
മരണം : 11.04.2023

"ഞാൻ എന്റെ പ്രിയന്റേതാണ്; അവൻ എന്നെയാണ് കാംക്ഷിക്കുന്നത്" (ഉത്ത. 7:10).

"ഞാൻ വീണ്ടും വന്നു നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" എന്ന ഈശോയുടെ ഈ വാഗ്ദാനം, നമ്മുടെ പ്രിയപ്പെട്ട ലോറൻസമ്മയിൽ അന്വർത്ഥമായിരിക്കുന്നു! നിത്യതയെ ലക്ഷ്യമാക്കിയുള്ള തന്റെ സമർപ്പിതജീവിതം സന്തോഷത്തോടെ, സംതൃപ്തിയോടെ പൂർത്തിയാക്കി ഏവരുടെയും മനസ്സിൽ ഒളിമങ്ങാത്ത ഓർമ്മകൾ ബാക്കിയാക്കി നാഥന്റെ വിളി കേട്ട് നിത്യഭവനത്തിലേക്ക് 2023 ഏപ്രിൽ 11-ാം തീയതി അമ്മ യാത്രയായി.

കോതമംഗലം രൂപത ഏഴല്ലൂർ ഇടവകയിൽ ദൃഢതയാർന്ന വിശ്വാസത്തിനും കത്തോലിക്ക പാരമ്പര്യത്തിനും പേരുകേട്ട കളപ്പുരക്കൽ കുടുംബത്തിൽ ചാക്കോ ഏലീശ്വാ ദമ്പതികളുടെ അഞ്ചുമക്കളിൽ മൂന്നാമത്തെ സന്താനമായി 1934 ജൂൺ 14 ന് ബഹു. ലോറൻസമ്മ ജനിച്ചു. ഏലിക്കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ബഹു. ലോറൻസമ്മ 1954 മാർച്ച് മാസത്തിൽ മുതലക്കോടം സെക്രട്ട് ഹാർട്ട് സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. പാസായി. 'ഈശോയ്ക്ക് വേണ്ടി ആത്മാർപ്പണം ചെയ്യുക എന്ന തീവ്രമായ ആഗ്രഹത്താൽ പ്രേരിതയായി 1955 ജൂലൈ ഒന്നാം തീയതി അങ്കമാലി ക്ലാര മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. കാടുകുറ്റി മഠത്തിൽ വച്ച് 1956-57 കാല

ഘട്ടത്തിൽ നോവിഷേറ്റ് പൂർത്തിയാക്കിയ അമ്മ 07.05.1957 ൽ ആദ്യ വ്രത വാഗ്ദാനത്തിലൂടെ ഈശോയെ തന്റെ ദിവ്യമണവാളനായി സ്വീകരിച്ചു. അതിനുശേഷം 09.05.1960–ൽ അങ്കമാലി മഠത്തിൽ വച്ച് നിത്യവ്രത വാഗ്ദാനത്തിലൂടെ ദിവ്യനാഥന് സമ്പൂർണ്ണ സമർപ്പണം നടത്തി.

തലയനാട് സ്കൂൾ, വെള്ളിയാംകുടി സെന്റ് ജെറോംസ് എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ ഹിന്ദി അധ്യാപികയായി സേവനമനുഷ്ഠിച്ചിരുന്ന അമ്മ മതബോധന രംഗത്തും മാതൃദീപ്തി, തിരുബാലസഖ്യം മുതലായ സംഘടനാ പ്രവർത്തനങ്ങളിലും സജീവ മായി പ്രവർത്തിച്ചിരുന്നു. പൈങ്ങോട്ടൂർ, ഉടുമ്പന്നൂർ, കരിമണ്ണൂർ, ഏഴല്ലൂർ, തലയനാട്, ഇഞ്ചത്തൊട്ടി, തെന്നത്തൂർ, നെയ്യശ്ശേരി, വണ്ട മറ്റം, വെള്ളയാംകുടി, പനംകുട്ടി, കഞ്ഞിക്കുഴി, പഴയരിക്കണ്ടം, മുരിക്കാശ്ശേരി പ്രൊവിൻഷ്യൽ ഹൗസ് എന്നീ ഭവനങ്ങളിൽ അസി സ്റ്റന്റ് സുപ്പീരിയർ, ഫാം സൂപ്പർവൈസർ, പാർലർ സിസ്റ്റർ, മെസ് മാനേജർ, ഡിസ്പെൻസർ, സോഷ്യൽ വർക്കർ എന്നീ നിലകളിൽ സ്തുത്യർഹമാംവിധം സേവനം ചെയ്തു.

2004 ൽ കോതമംഗലം വിമല പ്രോവിൻസ് വിഭജിച്ച് ഇടുക്കി നിർമൽറാണി പ്രോവിൻസ് രൂപം കൊണ്ടപ്പോൾ ത്യാഗമനോഭാവ ത്തോടെയും തീക്ഷ്ണതയോടെയും ബഹു. അമ്മ ഇടുക്കി പ്രോ വിൻസ് തിരഞ്ഞെടുത്തു. നല്ല സമർപ്പിതയായി 66 വർഷക്കാലം ഈശോയ്ക്ക് ശുശ്രൂഷ ചെയ്യാൻ ഭാഗ്യം ലഭിച്ച ബഹു. അമ്മ യഥാർ ത്ഥ ഫ്രാൻസിസ്കൻ ചൈതന്യം മുറുകെപ്പിടിച്ചുകൊണ്ട് പ്രാർത്ഥന യിലൂടെ അനുദിനജീവിതത്തിന് ആവശ്യമായ കൃപാവരങ്ങളും ശക്തിയും ആർജിക്കുന്നതിൽ എന്നും നിഷ്ഠ പുലർത്തിയിരുന്നു. രോഗാവസ്ഥയിൽപ്പോലും ദിവ്യബലിയിൽ സജീവമായി പങ്കെടുക്കു ന്നതിലും യാമപ്രാർത്ഥനകൾ ചൊല്ലുന്നതിലും തിരുവചനങ്ങൾ ഉരുവിടുന്നതിലും അതീവ തൽപരയായിരുന്നുകൊണ്ട് മറ്റുള്ളവർക്ക് മാതൃക നൽകി.

സ്നേഹത്തിന്റെ, സമർപ്പണത്തിന്റെ തിരിതെളിച്ച് കർത്താ വിന്റെ ഭവനത്തിലേയ്ക്ക് പറന്നുയർന്ന ബഹു. അമ്മയുടെ വിശുദ്ധ ജീവിതത്തിനു മുൻപിൽ ആദരവോടെ നിന്ന് നമുക്ക് മാധ്യസ്ഥ്യം പ്രാർത്ഥിക്കാം.

- നാല്പതാം വെള്ളിയാഴ്ച വിവിധ ഭവനങ്ങളിൽ നിന്നും ധാരാളം സിസ്റ്റേഴ്സ് രൂപതാ കുടുംബത്തോട് ചേർന്ന് എഴുകുംവയൽ തീർത്ഥാടനത്തിൽ പങ്കുചേർന്നു.

- നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ വൊക്കേഷൻ ക്യാമ്പിൽ വിവിധ ഇടവകകളിൽ നിന്നുള്ള 14 കുട്ടികൾ പങ്കെടുത്തു. റവ. ഫാ. ഫിലിപ്പ് ഐക്കര കുട്ടികൾക്ക് ക്ലാസ് എടുത്തു.

- അൽഫോൻസ ഹോസ്പിറ്റലിൽ ആരംഭിച്ച കാർക്കിനോസ് ക്യാൻസർ കെയർ സെന്ററിന്റെ ആശീർവാദ കർമ്മം റവ. ഫാ. ജോസ് നരിതൂക്കിലും ഉദ്ഘാടന കർമ്മം സി. ഡോ. സുഗുണയും നിർവ്വഹിച്ചു. കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും ഈ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു.

- ദേവികുളം സബ് ജയിലിൽ ഇടുക്കി രൂപത യേശു സാഹോദര്യ കൂട്ടായ്മയുടെ ഡയറക്ടർ റവ. ഫാ. ജോയിസ് കൊച്ചിത്തറയുടെ നേതൃത്വത്തിൽ ജീസസ് യൂത്ത് അംഗങ്ങൾ നടത്തിയ ഈസ്റ്റർ ദിനാഘോഷ പരിപാടികളിൽ വിവിധ സന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സിനൊപ്പം നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സും പങ്കെടുത്തു.

- മുരിക്കാശ്ശേരി നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസ് അംഗമായിരുന്ന റവ. മദർ ലോറൻസ് (89) FCC, 11.04.2023 ന് നിര്യാതയായി. 12.04.2023 ന് ഇടവക വികാരി റവ. ഫാ. ജോസ് നരിതൂക്കിൽ മരണാനന്തര ചടങ്ങുകളുടെ ആദ്യഭാഗത്തിന് നേതൃത്വം നൽകി. വെരി. റവ. മോൺ. ജോസ് പ്ലാച്ചിക്കൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് സംസ്കാര ശുശ്രൂഷകളിൽ മുഖ്യകാർമികത്വം വഹിച്ചു. ധാരാളം വൈദികരും വിവിധ സന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സും ബന്ധുക്കളും നല്ലവരായ നാട്ടുകാരും ആദരാഞ്ജലികളർപ്പിച്ചു പ്രാർത്ഥിച്ചു.

- ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ അടിമാലി, നെടുംകണ്ടം എന്നീ സെന്ററുകളിൽ വച്ച് നടത്തിയ സമർപ്പിത സംഗമത്തിൽ വിവിധ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

- ഇടുക്കി രൂപതാദിന ആഘോഷ പരിപാടികളുടെ പ്രാരംഭം കുറി

ച്ചുകൊണ്ടുള്ള പതാക ദിനാചരണം നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.

❖ ഇടുക്കി രൂപത ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ കോർ ഗ്രൂപ്പ് സംഗമം അൽഫോൻസ പാലിയേറ്റീവ് കെയർ സെന്ററിൽ വച്ച് നടന്നു. സി. ഡോ. സുഗുണ, സി. റോസിൻ ജോസ് എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുത്തു.

## 2. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

❖ അടിമാലി സെന്റ് ജൂഡ് ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്ന ഹോം മിഷനിൽ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ടും, മറ്റു സിസ്റ്റേഴ്സും പങ്കെടുത്തു. ഇടവകയിലെ കുടുംബങ്ങൾ സന്ദർശിച്ച് അവരോടൊപ്പം ഒന്നിച്ചിരുന്ന് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് ഏറെ ദൈവാനുഗ്രഹപ്രദമായിരുന്നു.

❖ ചങ്ങനാശ്ശേരി രൂപതയുടെ ദിവംഗതനായ മുൻ ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ഭൗതിക ദേഹം ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

❖ മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നിന്നും വിരമിക്കുന്ന സി. മരിയ മംഗലത്തിന്റെ റിട്ടയർമെന്റ് പരിപാടിയിൽ ബഹു. പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും പങ്കെടുത്തു.

❖ പാലാരിവട്ടം POC യിൽ വച്ച് KCMS ന്റെ നേതൃത്വത്തിൽ മേജർ സുപ്പീരിയേഴ്സ്നായി നടത്തിയ മീറ്റിങ്ങിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ പങ്കെടുത്തു.

❖ രാജകുമാരി ദൈവമാതാ ദൈവാലയത്തിൽ വച്ച് നടന്ന 40 മണി ആരാധനയുടെ സമാപനത്തിൽ നടന്ന വിശുദ്ധ ബലിയിലും തിരുമണിക്കൂറിലും ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.

❖ ഏപ്രിൽ 13, 14 തീയതികളിൽ അടിമാലി ആത്മജ്യോതി, നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്റർ എന്നീ സ്ഥലങ്ങളിൽ വച്ച് നടന്ന സന്യാസ സംഗമത്തിൽ എല്ലാ ഭവന സമൂഹങ്ങളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു.

- നാല്പതാം വെള്ളിയാഴ്ച അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ എഴുകുംവയൽ കുരിശുമലയിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.
- റവ. ഫാ. ക്ലിന്റ് MCBS ന്റെ നേതൃത്വത്തിൽ തൈക്കുടം റാഫേൽ പള്ളിയിൽ വച്ച് വിശുദ്ധ കുർബാനയെ സംബന്ധിച്ചുള്ള ക്ലാസ്സിൽ സി. അൽഫോൻസ് കടമ്പനാട് SABS, സി. അമൽ മരിയ SABS എന്നിവർ സംബന്ധിച്ചു.
- ഇടുക്കി രൂപതയുടെ പ്രഥമ രൂപതാ ദിനാഘോഷ പരിപാടികൾക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ പതിനാറാം തീയതി എല്ലാ ഭവന സമൂഹങ്ങളിലും പേപ്പൽ പതാക ഉയർത്തി.
- ജയ് മാതാ സോഷ്യൽ വർക്ക് അപ്പസ്റ്റോലേറ്റിനോടനുബന്ധിച്ച് നിർധനരായ ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി.
- ഈസ്റ്റർ ദിനത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും അടിമാലി വിയാനി ഭവനിലെ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിക്കുകയും അവരോടൊപ്പം ആഘോഷത്തിൽ പങ്കുചേരുകയും ചെയ്തത് ഹൃദ്യമായ അനുഭവം ആയിരുന്നു

- **ആദ്യവ്രത വാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും**

ഏപ്രിൽ പതിനൊന്നാം തീയതി രാവിലെ 9. 30 ന് വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 5 നോവിസസ് തങ്ങളുടെ ആദ്യവ്രത വാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തി. സി. റോസ്മേരി പ്ലാപ്പള്ളിൽ SABS സഹായഗിരി, സി. ബിൻസി പാറക്കൽ SABS നാരകക്കാനം, സി. ജോമിയാ മീമനപുത്തൻപുര SABS വെള്ളത്തൂവൽ, സി. അജിത ഇടയിക്കാട്ട് SABS ആയിരമേക്കർ, സി. മരിയ കൊടിഞ്ഞിക്കല്ലുങ്കൽ SABS തട്ടേക്കണ്ണി എന്നിവരാണ് പുതുതായി സഭാവസ്ത്രം സ്വീകരിച്ച് ആദ്യ വ്രതവാഗ്ദാനം നടത്തിയവർ.

- **സുവർണ്ണജൂബിലി ആഘോഷം**

ഏപ്രിൽ 19-ാം തീയതി വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യകാർമികത്വ

ത്തിൽ സി. എൽസി മാനിക്കൽ SABS, സി. കൊച്ചുത്രേസ്യ കിഴക്കേക്കര SABS എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം നടന്നു.

### 3. കർമ്മലമാതാവിന്റെ സംന്ന്യാസിനീ സമൂഹം (CMC)

❖ ലാറ്റിനമേരിക്കയിലെ ചിമ്പോത്ത് രൂപതയിൽ കാർമൽഗിരി പ്രോവിൻസിന്റെ രണ്ടാമത്തെ മിഷൻ മഠം തുടങ്ങുന്ന സാഹചര്യത്തിൽ അവിടെ സേവനമനുഷ്ഠിക്കുന്നതിനായി സി. അനൂപ, സി. പാവന, സി. ദീപ്തി എന്നിവർ അവിടേയ്ക്ക് യാത്രയായി.

❖ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. പിതാവിന് ജന്മദിനാശംസകൾ നേരുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

❖ ദിവംഗതനായ ജോസഫ് പാപ്പാടിയച്ചന്റെ പ്രിയ മാതാവിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും പങ്കെടുത്ത് പ്രാർത്ഥിച്ചു.

❖ നാല്പതാം വെള്ളിയാചരണത്തിന്റെ ഭാഗമായി എഴുകുംവയൽ കുരിശുമലയിലേക്ക് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ തീർത്ഥാടനത്തിൽ പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും പങ്കെടുത്ത് പ്രാർത്ഥിച്ചു.

❖ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ അടിമാലി സെന്റ് ജൂഡ് ടൗൺ ഇടവകയിലും കല്ലാർ സെന്റ് ജോസഫ് ഇടവകയിലും ഹോം മിഷൻ നടത്തി. വികാരിയച്ചൻ മാരായ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ, റവ. ഫാ. ജോർജ് കോലത്തുപടവിൽ എന്നിവരുടെ പ്രാർത്ഥനയും ക്രമീകരണങ്ങളും ഏറെ സഹായകരമായിരുന്നു. ദൈവജനത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായ സഹകരണവും ഹോം മിഷനെ വിജയത്തിലേക്ക് നയിച്ചു.

❖ പ്രോവിൻസിലെ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ മുളകരമേട് ഇടവകയിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും ബഥേൽ ഇടവകയിലെ തിരുബാലസഖ്യം കുട്ടികൾക്കായും ധ്യാനങ്ങൾ നടത്തി.

❖ പൈനാവ് അമൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ ഇലക്ട്രോണിക് കട്ടിംഗ് മെഷീൻ (ഓസ്തി) പ്രവർത്തനം ആരംഭിച്ചു.

- ❖ നെടുംങ്കണ്ടം സീയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന S.H.G. അംഗങ്ങൾക്ക് ഹസ് ഖാർണാ കമ്പനിയും കമ്പനിയുടെ ലീഡർ ആയ Agro tech ഉം ചേർന്ന് വരുമാ വർദ്ധന വിന്റെ ഭാഗമായി കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തു. നെടുംങ്കണ്ടം സർക്കിൾ ഇൻസ്പെടർ ശ്രീ. വിനു വി.എസ്. ഉദ്ഘാടനവും കാർമ്മൽ ഗിരി പ്രൊവിൻഷ്യൽ കൗൺസിലർ സി. മേബിൾ അദ്ധ്യക്ഷത വഹിക്കുകയും കാർമ്മൽ ഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ലാലി മാത്യു മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു.
- ❖ വെള്ളിയാംകുടിയിൽ വച്ച് നടന്ന രൂപതാദിനാചരണത്തെക്കുറിച്ചുള്ള ആലോചന യോഗത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ആനി പോൾ പങ്കെടുത്തു.
- ❖ രൂപതാദിനാചരണത്തിന് തുടക്കം കുറിച്ചു കൊണ്ട് പ്രൊവിൻഷ്യൽ ഹൗസ്, സ്ഥാപനങ്ങൾ, മഠങ്ങൾ എന്നിവടങ്ങളിൽ പേപ്പൽ പതാകകൾ ഉയർത്തി.
- ❖ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ വിശ്വാസ ധീരത സ്വന്തം ജീവിതത്തിൽ ഉജ്ജ്വലിപ്പിക്കുന്നതായി പ്രൊവിൻഷ്യളാമ്മയുടെ (സി. ആനി പോൾ) നേതൃത്വത്തിൽ സിസ്റ്റേഴ്സ് മലയാറ്റൂർ തീർത്ഥാടനം നടത്തി.
- ❖ ആത്മജ്യോതി അടിമാലി, കരുണ ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം, നെടുംങ്കണ്ടം തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് ഇടുക്കി രൂപതയിലെ സന്യാസിനികളുടെ സ്നേഹ സംഗമത്തിൽ 134 സിസ്റ്റേഴ്സ് പങ്കെടുത്തു.
- ❖ ഇടുക്കി കാർമ്മൽ ഗിരി പ്രോവിൻസിലെ ആറ് കന്യകമാർ സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തി. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ വാഴത്തോപ്പ് കത്തിഡ്രലിൽ വച്ച് നടന്ന ശുശ്രൂഷകളിൽ ധാരാളം ബഹു. വൈദികരും സിസ്റ്റേഴ്സും ദൈവജനവും പങ്കെടുത്ത് നവസന്യാസിനിമാർക്ക് ആശംസകൾ നേരുകയും ചെയ്തു.
- ❖ ആർട്ട് ആൻഡ് ക്രാഫ്റ്റിന്റെ ആറുമാസത്തെ ഡിപ്ലോമോ കോഴ്സ് മച്ചിപ്ലാവ് കാർമൽ സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തപ്പെടുകയും പഠനം പൂർത്തിയാക്കുകയും ചെയ്തു.

- ഭവനാംഗങ്ങൾ ആരുമില്ലാത്ത മച്ചിപ്ലാവ് ജ്യോതി സ്പെഷ്യൽ സ്കൂളിലെ അന്തേവാസികളായ കുട്ടികളോടൊപ്പം മച്ചിപ്ലാവ് മഠത്തിലെ സിസ്റ്റേഴ്സ് പെസഹാ ഭക്ഷണത്തിൽ പങ്കുചേർന്നു.
- അടിമാലി ബ്ലോക്ക് പഞ്ചായത്ത് ആറു ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മുടക്കി കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിനോട് അനുബന്ധിച്ച് ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിച്ചു നൽകി.
- കാർമൽ ജ്യോതി തൊഴിൽ പരിശീലന പുനരധിവാസ കേന്ദ്രത്തിലെ 18 കുട്ടികൾ ഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കുചേർന്ന് നൂറു ദിവസത്തെ പണികൾ പൂർത്തിയാക്കി.
- ബഹുമാനപ്പെട്ട ജോസഫ് പാപ്പാടി അച്ചന്റെ ഒന്നാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് കൂമ്പൻപാറ ഫാത്തിമ മാതാ ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന തിരുകർമ്മങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- വനിതാ ദിനത്തോടനുബന്ധിച്ച് സമന്വയ ചാരിറ്റബിൾ സൊസൈറ്റി ആയിരം ഏക്കറിൽ വച്ച് വനിതാദിനാഘോഷ പരിപാടികളും, കായികരംഗത്തും, തൊഴിൽ മേഖലകളിലും മികവ് തെളിയിച്ച സ്ത്രീകളെയും, പോലീസ് മേഖലയിൽ സേവനമനുഷ്ഠിക്കുന്ന വനിതകളെയും ആദരിക്കുകയുണ്ടായി.

## 4. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

- മാർച്ച് 20 മുതൽ 25 വരെ മഞ്ഞപ്പാറ ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.
- മാർച്ച് 27-ാം തീയതി വെള്ളയാംകുടിയിൽ വച്ച് പ്രൊവിൻഷ്യൽ സൂപ്പീരിയേഴ്സിനായി നടന്ന മീറ്റിംഗിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്. എച്ച്. സംബന്ധിച്ചു.
- മാർച്ച് 1-ാം തീയതി നടന്ന വെൺമണി സെന്റ് ജോർജ്ജ് യു.പി. സ്കൂൾ വാർഷികത്തിലും യാത്രയയപ്പ് സമ്മേളനത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്. സംബന്ധിച്ച. വെൺമണി സെന്റ് ജോർജ്ജ് യു.പി. സ്കൂളിൽ നിന്നും റിട്ടയർ ചെയ്യുന്ന സി. ടെസി മലേക്കുടി എസ്.എച്ച്. ന് ആശംസകളർപ്പിച്ച് സംസാരിച്ചു.

- ഏപ്രിൽ 2, 3, 4 തീയതികളിൽ രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഇടുക്കി എസ്.എച്ച്. നവജ്യോതി പ്രോവിൻസിന്റെ 12-ാമത് റിന്യൂവൽ അസംബ്ലി നടത്തപ്പെട്ടു. ഏപ്രിൽ 3-ാം തീയതി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വി. കുർബാന അർപ്പിച്ച് റിന്യൂവൽ അസംബ്ലി അംഗങ്ങൾക്ക് സന്ദേശം നല്കി.
- EDII യുടെയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ രാജകുമാരിയിൽ വച്ച് കാർഷിക നേഴ്സറി കോഴ്സ് പൂർത്തിയാക്കിയവർ മണ്ണൂത്തി കാർഷിക നേഴ്സറിയിൽ എക്സ്പ്ലോഷർ വിസിറ്റ് നടത്തി.
- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2023-24 വർഷത്തെ സാൻജോ IGP അതിജീവനം IGP എന്നീ വരുമാനദായക പ്രവർത്തനങ്ങൾക്കായി 6 ലക്ഷം രൂപാ 50 ശതമാനം സബ്സീഡിയായി 30 കുടുംബങ്ങൾക്കായി വിതരണം ചെയ്തു.
- ജൻശിക്ഷൻ സൻസ്ഥാന്റെയും (JSS) നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ എഴുകുംവയലിൽ പുതിയ തയ്യൽ പരിശീലനം ആരംഭിച്ചു.
- വട്ടവടയിൽ EDI പരിശീലനം നേടിയവർ ആരംഭിച്ച കൂൺകൃഷിയുടെ വിളവെടുപ്പ് നടത്തി.
- രൂപതയുടെ ആഭിമുഖ്യത്തിൽ ജയിൽ മിനിസ്ട്രിയുടെ ഭാഗമായി ദേവികുളം സബ്ജയിലിൽ ഈസ്റ്റർ ആഘോഷങ്ങൾക്ക് ഇരുമ്പുപാലം ഇടവകയിലെ KCYM അംഗങ്ങൾ നേതൃത്വം നല്കി. സി. അലീഷ വള്ളിക്കാവുങ്കൽ എസ്.എച്ച്., സി. ആൻ മേരി കീരംചിറ എസ്.എച്ച്. എന്നിവരും പ്രസ്തുത പരിപാടിയിൽ സംബന്ധിച്ചു.

## 5. അഗതികളുടെ സന്ന്യാസിനി സമൂഹം (SD)

- മാർച്ച് 26 ന് ഇരട്ടയാറിൽ വച്ച് നടന്ന ഇടുക്കി രൂപതാ അധ്യാപക അവാർഡ് ദാന ചടങ്ങിൽ ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന സി. ടോംസി, സി. പുഷ്പിത എന്നിവരെ അഭിവന്ദ്യ പിതാവ് മെമെന്റോ കൊടുത്ത് ആദരിച്ചു.
- എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന പെൺകുട്ടികൾക്കായി മുരിക്കാശ്ശേരി SD കോൺവെന്റിൽ വച്ച് മദർ സി.

അൽഫോൺസിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി. എസ്.ഡി. ജയറാണി സോണിലെ വിവിധ ശാഖാ മഠങ്ങളിൽ നിന്നും കുട്ടികൾ പങ്കെടുത്തു. സി. ഡോണ മരിയയുടെ നേതൃത്വത്തിൽ മുള്ളരിങ്ങാട് ഇടവകയിൽ എസ്.ഡി. സിസ്റ്റേഴ്സ് ധ്യാനം നടത്തി കൊടുത്തു. ഇടുക്കി രൂപതാ ദിനത്തോടനുബന്ധിച്ചുള്ള ആലോചന മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ മദർ ജിസാറാണിയെ പ്രതിനിധീകരിച്ച് സി. ഡെന്നി, സി. ഡെൻസി എന്നിവർ പങ്കെടുത്തു.

- ❖ പെരിങ്ങഴയിൽ നടന്ന ദൈവവിളി ക്യാമ്പിൽ 45 കുട്ടികൾ പങ്കെടുത്തു.
- ❖ നാല്പതാം വെള്ളിയോടനുബന്ധിച്ച് നടത്തിയ എഴുകുംവയൽ തീർത്ഥാടനത്തിന് എസ്.ഡി. സിസ്റ്റേഴ്സ് പങ്കെടുത്ത് പ്രാർത്ഥിച്ചു.
- ❖ അടിമാലി നെടുംകണ്ടം എന്നീ സ്ഥലങ്ങളിൽ വച്ചു നടന്ന സമർപ്പിത സംഗമത്തിൽ എസ്.ഡി. സിസ്റ്റേഴ്സ് 35 പേരോളം പങ്കെടുത്തു. അടിമാലിയിൽ വച്ച് നടന്ന സംഗമത്തിന് പ്രോഗ്രാം അനൗൺസ്മെന്റിന് സി. ജെയ്സ്ലറ്റ് എസ്.ഡി. നേതൃത്വം കൊടുത്തു.
- ❖ തൊടുപുഴയിലെ പ്രത്യാശ ഭവനത്തോടനുബന്ധിച്ച് സ്ത്രീകൾക്കായി ഒരു തയ്യൽ സെന്റർ ആരംഭിച്ചു. ഇതിനു നേതൃത്വം കൊടുക്കുന്നത് സി. ജസ്റ്റി മരിയ, സി. ലിൻസി ജോസ് എന്നിവരാണ്.

## CJ. 27/23 മതാധ്യാപക വാർഷിക കൺവൻഷൻ

2023 മെയ് 28-ാം തീയതി വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോനാ ദൈവാലയ പാരീഷ് ഹാളിൽ വച്ച് മതാധ്യാപക വാർഷിക കൺവൻഷൻ സംഘടിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ മുഴുവൻ മതാധ്യാപകരും പ്രസ്തുത കൺവൻഷനിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ കൺവൻഷനിൽ വച്ച് 2022-ലെ ലോഗോസ് ക്വിസ് രൂപതാതല വിജയികൾക്കുള്ള സമ്മാനവും മറ്റ് അവാർഡുകളും നൽകുന്നതായിരിക്കും. സമ്മാനാർഹരായവരും ഈ കൺവൻഷനിൽ സംബന്ധിക്കണം.

## CJ. 28/23 മതാധ്യാപക അവാർഡ്

2022-23 പ്രവർത്തന വർഷത്തിൽ 25 വർഷം പൂർത്തിയായവരും 25 വർഷം പൂർത്തിയാക്കിയതിന്റെ അവാർഡ് ഇതുവരെ ലഭിക്കാത്തവരുമായിട്ടുള്ളവർ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയുമൊപ്പം ഈ മാസം 10-ാം തീയതിക്കു മുൻപായി അപേക്ഷകൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം.

## CJ. 29/23 മികച്ച മതാധ്യാപക അവാർഡ്

നമ്മുടെ രൂപതയിലെ മികച്ച മതാധ്യാപകനെ/മതാധ്യാപികയെ കണ്ടെത്തുന്നതിനുള്ള അപേക്ഷകൾ ഈ മാസം 10-ാം തീയതിക്കു മുൻപായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം നൽകുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## CJ. 30/23 ക്രിസ്തുജ്യോതി അവധിക്കാല YES ക്യാമ്പുകൾ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| April 26 - 10.00am to 28 - 4.00pm | Yes New Batch YES Camp | അടിമാലി ആത്മജ്യോതി |
| April 27 - 3.30pm to 29 - 3.30pm | St. Simon Batch YES Camp | കാൽവരിമൗണ്ട് |

| | | |
|---|---|---|
| April 29- 4.00pm to May 2 - 3.30pm | St. Thomas Batch YES Camp | കരുണ ആനിമേഷൻ സെന്റർ നെടുങ്കണ്ടം |
| April 29 - 4.00pm to May 2 - 3.30pm | St. Andrews Batch YES Camp | സെന്റ് അസ്സീസി സ്കൂൾ വെള്ളയാംകുടി (Near FC Convent) |
| May 3 - 4.00pm to 6 - 3.30pm | St. Mathews Batch YES Camp | കരുണ ആനിമേഷൻ സെന്റർ നെടുങ്കണ്ടം |
| May 10 - 4.00pm to 12 - 3.30pm | St. Simon Batch YES Camp | മാങ്കുളം (മെയ് 10, 2 pm ആത്മജ്യോതിയിൽ നിന്നും ബസ് സൗകര്യം ഉണ്ടായിരിക്കും) |
| May 18 - 10.00am to 20 - 4.00pm | Yes New Batch YES Camp | അടിമാലി ആത്മജ്യോതി |
| May 20- 4.00pm to 20 - 4.00pm | St. James Batch YES Camp | അടിമാലി ആത്മജ്യോതി |

## CORPORATE EDUCATIONAL AGENCY

**Edn. 09/23 അധ്യാപക നിയമനം**

കരിമ്പൻ - ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നു. ഇംഗ്ലിഷ്, മലയാളം, ഹിന്ദി, ഗണിതശാസ്ത്രം, ഊർജതന്ത്രം, രസതന്ത്രം, ബോട്ടണി, സുവോളജി, കംപ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി, കൊമേഴ്സ്, ഗാന്ധിയൻ സ്റ്റഡിസ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സോഷ്യൽ വർക്ക് എന്നീ വിഷയങ്ങളിലാണ് ഒഴിവ്.

നിശ്ചിതയോഗ്യതയുള്ളവർ 2023 മെയ് 08-നകം രൂപത വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോമിൽ അപേക്ഷ

സമർപ്പിക്കേണ്ടതാണ്. ഇന്റർവ്യു സംബന്ധിച്ച വിവരങ്ങൾ വാട്സാപ് വഴി അറിയിക്കുന്നതായിരിക്കും.

## Edn. 10/23 ഹിന്ദി അധ്യാപക നിയമനം

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ ഹിന്ദി അധ്യാപകരെ നിയമിക്കുന്നതിന് നിശ്ചി തയോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണി ക്കുന്നു 2023 മെയ് 10-ാം തീയതിക്കുമുമ്പായി രൂപതാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ നൽകണം. മെയ് മാസത്തിൽ എഴുത്തുപരീ ക്ഷയും ഇന്റർവ്യുവും നടത്തുന്നതാണ്. ബഹു. വികാരി അച്ചൻമാർ ഈ വിവരം പള്ളികളിൽ അിറയിക്കുമല്ലോ.

## Edn. 11/23 അധ്യാപക സെമിനാർ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കുളുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ അധ്യാപ കർക്കുമായി ഒരു ഏകദിന സെമിനാർ നടത്തപ്പെടുന്നു. മെയ്മാസം 27, 29 തീയതികളിൽ ഇരട്ടയാർ, മുരിക്കാശ്ശേരി എന്നീ സ്ഥലങ്ങ ളിൽവച്ച് നടത്തുന്ന സെമിനാറിൽ എല്ലാ അധ്യാപകരും ഏതെങ്കിലും ഒരു സെന്ററിൽ പങ്കെടുക്കേണ്ടതാണ്.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## PCM. 42/23 യാത്രയയപ്പ് സമ്മേളനം

മാർച്ച് 23-ാം തീയതി പാവനാത്മാ കോളേജ് മുരിക്കാശ്ശേരി ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക പ്രൊ. ഡോ. മോളി എം.എ. യുടെ റിട്ടയർമെന്റിനോട് അനുബന്ധിച്ചുള്ള യാത്രയയപ്പ് സമ്മേളനം കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. കോളേജ് മാനേജർ, ഇടുക്കി രൂപത വിദ്യാഭ്യാസ സെക്രട്ടറി എന്നിവർ സന്നിഹിതരായി രുന്നു.

## PCM. 43/23 നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020

മാർച്ച് 23-ാം തീയതി പാവനാത്മാ കോളേജ് മുരിക്കാശ്ശേരി സ്റ്റാഫിനായി നാഷണൽ എഡ്യൂക്കേഷൻ പോളിസി 2020-യെ പറ്റി

ക്ലാസ്സ് നടത്തി. ക്ലാസ്സ് ഹയർ അക്കാദമിക് മെന്റർ ഡോ. സെബാസ്റ്റ്യൻ ജോസഫ് നയിച്ചു.

## PCM. 44/23 പാവനാത്മാ കോളേജ് ബാഡ്മിന്റൺ അക്കാഡമി

പാവനാത്മാ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഷട്ടിൽ ബാഡ്മിന്റൺ പരിശീലനം ആരംഭിച്ചു. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ശനി, ഞായർ ദിവസങ്ങളിൽ 2.00 pm മുതൽ 4.00 pm വരെയാണ് പരിശീലനം. യൂണിവേഴ്സിറ്റി ബാഡ്മിന്റൺ കളിക്കാർ ആയ സനൽ കുമാർ എം.എം., ജോബിൻ ജോണി എന്നിവർ ആണ് പരിശീലനം നൽകുന്നത്. ഫീ മാസം 1500/ ഏപ്രിൽ മാസം 1000/(ഫീ 750+ഷട്ടിൽ കോക്ക് ചാർജ് 250/).

## PCM. 45/23 ബെസ്റ്റ് സ്പോർട്സ് പെർഫോമിങ് കോളേജുകളുടെ മുൻ നിരയിൽ പാവനാത്മാ കോളേജ്

ബെസ്റ്റ് സ്പോർട്സ് പെർഫോമിങ് കോളേജുകളുടെ മുൻ നിരയിൽ പാവനാത്മാ കോളേജ്. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ബെസ്റ്റ് സ്പോർട്സ് പെർഫോമിങ് കോളേജുകളുടെ ലിസ്റ്റിൽ 13-ാം സ്ഥാനം നേടി പാവനാത്മാ കോളേജ്. 144 അംഗീകൃത കോളേജുകളുടെ ലിസ്റ്റിൽ നിന്നാണ് പാവനാത്മാ കോളേജ് മുൻ നിരയിൽ എത്തിയത്. കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റ് മേധാവി ഡോ. ജിജോ ജോർജിനെ കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ബെന്നിച്ചൻ സ്കറിയ അഭിനന്ദിച്ചു.

## PCM. 45/23 ആദ്യ ഡോക്ടറേറ്റ്

ഏപ്രിൽ 5-ാം തീയതി പാവനാത്മ കോളജിലെ റിസർച്ച് ആൻഡ് പോസ്റ്റ്ഗ്രാജ്വേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിൽ നിന്നും അദ്യ PhD ബിരുദം നേടി ഡോ. പ്രിയ ചന്ദ്രൻ. കോളജിലെ റിസർച്ച് സെന്റർ തുടങ്ങിയിട്ട് അധ്യത്തെ PhD ബിരുദധാരി അണ്. പാവനാത്മാ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ജോൺസൺ വി. യുടെ കീഴിൽ ആയിരുന്നു ഡേ. പ്രിയ ചന്ദ്രൻ PhD ഗവേഷണം പൂർത്തിയാക്കിയത്.

## SS 11/23 ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ

കെ.സി.ബി.സിയുടെ കീഴിലുള്ള മദ്യവിരുദ്ധ സമിതിയും, കേരള സോഷ്യൽ സർവ്വീസ് ഫോറവും, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന "സജീവം" ലഹരി വിമുക്ത കേരളം തീവ്ര പ്രചരണ യജ്ഞത്തിന്റെ ഭാഗമായി 2023 മാർച്ച് 9-ാം തീയതി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. അടിമാലി സെന്റ് ജൂഡ് ചർച്ച് വികാരി ഫാ. ജോസഫ് കൊച്ചുകുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. എച്ച്.ഡി.എസ്. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിജോ മാത്യു ക്ലാസ്സ് നയിച്ചു. പൊതുജനങ്ങൾക്കായി നടത്തിയ സെമിനാറിൽ 50 പേർ സംബന്ധിച്ചു.

2023 ഏപ്രിൽ 12-ാം തിയതി തടിയമ്പാട് ഫാത്തിമ മാതാ പാരീഷ് ഹാളിൽ വച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ, റാലി, ഫ്ളാഷ് മോബ് എന്നിവ നടത്തി. ഫാത്തിമ മാതാ ചർച്ച് വികാരി ഫാ. ജോബിൻ പരിപാടികൾ ഉദ്ഘാടനം ചെയ്തു. എച്ച്.ഡി. എസ്. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിജോ മാത്യു ക്ലാസ്സ് നയിച്ചു. കുട്ടികൾക്കായി നടത്തിയ സെമിനാറിൽ 200 പേർ സംബന്ധിച്ചു. കുട്ടികൾ തടിയമ്പാട് ടൗണിലേയ്ക്ക് റാലിയും ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളിച്ച ഫ്ളാഷ് മോബും നടത്തി. എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## SS 12/23 നോമ്പുകാല സംഭാവന

ഓശാന ഞായറാഴ്ച പള്ളികളിൽ എടുത്ത സ്തോത്രക്കാഴ്ച ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായിട്ടാണല്ലോ വിനിയോഗിക്കുന്നത്. പ്രസ്തുത തുക കൈപ്പറ്റുന്നതിനായി സൊസൈറ്റിയിൽ നിന്നും നിയോഗിക്കുന്ന ആളുകൾ Authorization ലെറ്ററുമായി വികാരി അച്ചന്മാരെ അറിയിച്ച തിനുശേഷം പള്ളികളിൽ എത്തുന്നതാണ്. ഒന്നുകിൽ പൈസ നേരിട്ട്

കൊടുക്കുകയോ അല്ലെങ്കിൽ താഴെകൊടുത്തിരിക്കുന്ന അക്കൗണ്ടിൽ ഇടുകയോ ചെയ്യുമല്ലോ.

**Bank Details :**

| | | |
|---|---|---|
| Account Holder Name | : | Highrange Development Society |
| Account Number | : | 13300100040939 |
| IFSC | : | FDRL0001330 |
| Bank Name | : | Federal Bank |
| Branch | : | Karimpan |

**01/04/2023 മുതൽ 20/04/2023 വരെ ലഭിച്ച നോമ്പുകാല സംഭാവനകൾ**

| | |
|---|---|
| 01. Carmelgiri Provincial House (CMC) | 25000/- |
| 02. St. Mary's Church, Murickassery | 15000/- |
| 03. St.Thomas Church, Thankamany | 50000/- |
| 04. St. Mary's Church, Neelivayal | 6000/- |
| 05. St. Joseph Church, Kuthupara | 5000/- |
| 06. St. Sebastian's Church, Pottankad | 15000/- |
| 07. St. Thomas Mount Church, Chinnarnirappu | 1000/- |
| 08. St. Mary's Church, Vazhavara | 7000/- |
| 09. St. Mary's Church, Mankulam | 18000/- |
| 10. St. Mary's Church, Maniyarankudy | 4250/- |
| 11. St. Sebastian's Church, Bhoomiyamkulam | 15000/- |
| 12. Holy Family Church, | 20000/- |
| 13. Fathima Matha Church, Koompanpara | 28000/- |
| 14. St. Joseph Church, Mulakuvally | 5000/- |
| 15. St. Mary's Church, Udayagiri | 50000/- |
| 16. Christuraj Church, Rajakkad | 39657/- |

# കെ.സി.എസ്.എൽ.

## KCSL 13/23 സംസ്ഥാന ക്യാമ്പ്

തൃശൂർ രൂപതയിലെ മുളയം മേരി മാതാ മേജർ സെമിനാരിയിൽ വച്ച് ഏപ്രിൽ 13, 14, 15 തീയതികളിൽ നടന്ന KCSL സംസ്ഥാന ക്യാമ്പിൽ നമ്മുടെ രൂപതയിൽ നിന്നും എബിൻ സുനിൽ, ജോർജിൻ കെ ജിനേഷ്, അഷ്‌വിൻ അനൂപ് എന്നിവർ പങ്കെടുത്തു.

## KCSL 14/23 അഭിനന്ദനങ്ങൾ

തൃശൂർ മുളയം മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടന്ന പരിശീലന ക്യാമ്പിൽ നിന്നും സംസ്ഥാന 12 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വെള്ളയാംകുടി സെന്റ് ജെറോംസ് യൂപി സ്കൂൾ വിദ്യാർത്ഥി അഷ്‌വിൻ അനൂപിന് ഇടുക്കി രൂപതാ KCSL ന്റെ അഭിനന്ദനങ്ങൾ.

# തിരുബാലസഖ്യം

## HC 14/23 ALLEGRIA 2023

### ക്രിസ്റ്റീൻ ധ്യാനം

കുഞ്ഞുങ്ങൾക്കു വേണ്ടി മെയ് 12-ാം തീയതി രാവിലെ 10 മണി മുതൽ 14-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി വരെ നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് ഒരു ക്യാമ്പ് നടത്തുന്നു. ഈ വർഷം 4-ൽ നിന്ന് 5-ലേക്ക് കയറുന്ന കുട്ടികളെയാണ് സെലക്ട് ചെയ്യുന്നത്. ഒരു ഇടവകയിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും മാത്രമേ പങ്കെടുക്കാനുള്ള അവസരം ഉള്ളൂ. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുഞ്ഞുങ്ങളെ (ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും) തിരഞ്ഞെടുത്ത് അയയ്ക്കണമെന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. ഈ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളായിരിക്കും അടുത്ത വർഷം ഇടവകയിലെ തിരുബാലസഖ്യത്തിന്റെ

ലീഡേഴ്സ്. അതുകൊണ്ട് ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒരു കുട്ടിയുടെ രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്.

# ചെറുപുഷ്പ മിഷൻലീഗ്

## CML 25/23 ശാഖാതല എക്സിക്യൂട്ടീവ്

സുവിശേഷോത്സവത്തിനോട് അനുബന്ധിച്ച് മെയ് മാസം പത്താം തീയതി തിങ്കളാഴ്ച ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ശാഖാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി.

## CML 26/23 ഫിയാത്ത് മിഷൻ പേപ്പർ കളക്ഷൻ

ഈ അധ്യയന വർഷാവസാനവും മിഷൻലീഗിന്റെ നേതൃത്വത്തിൽ ഫിയാത്ത് മിഷനു വേണ്ടി പേപ്പർ കളക്ഷൻ നടത്തുകയുണ്ടായി. സഹകരിച്ച എല്ലാ ശാഖകളേയും നന്ദിയോടെ ഓർക്കുന്നു.

## CML 27/23 വാർഷിക റിപ്പോർട്ട്

ഈ പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് മെയ് 15 ന് മുൻപായി മിഷലീഗിന്റെ ഓഫീസിൽ എത്തിക്കുവാൻ ശ്രമിക്കുമല്ലോ. മെയ് 15 ന് ശേഷം ശാഖാ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അത് കൂടുതൽ ഉപകാരപ്രദമാണ്. റിപ്പോർട്ടിന്റെ ഒരു കോപ്പി ശാഖയിലും ഒരു കോപ്പി മേഖലയിലും ഒരു കോപ്പി രൂപതയിലേക്കും അയച്ചു തരണമെന്ന് ഓർമിക്കുന്നു.

## CML 28/23 രൂപതാ ദിന ആഘോഷം

2023 മെയ് മാസം പതിനാറാം തീയതി ഇടുക്കി രൂപത അതിന്റെ പ്രഥമ രൂപതാ ദിനം ആഘോഷിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിനോടും രൂപതയോടും ചേർന്ന് ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ എല്ലാവരും നമ്മുടെ രൂപതാ ദിനം ഏറ്റവും ഭംഗിയായി ആചരിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് ഓർമിപ്പിക്കുന്നു.

## KCYM 20/23 പാംപ്ലാനി പിതാവിനെ പിന്തുണച്ച് KCYM

കാർഷിക പ്രശ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് മലയോര ജനതയ്ക്കു വേണ്ടി ശബ്ദമുയർത്തിയ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ നിലപാടിനെ കെ.സി.വൈ.എം. ഇടുക്കി രൂപത പിന്തുണച്ചു.

## KCYM 21/23 വിശുദ്ധവാരത്തിൽ വിലക്കേർപ്പെടുത്തിയ സർക്കാർ നിലപാടിനെതിരെ പ്രതിഷേധം

വിശുദ്ധവാരത്തിൽ സംസ്ഥാനത്തെ ജയിലുകളിൽ വിശുദ്ധ കുർബാന തടഞ്ഞുകൊണ്ട് വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾക്ക് തീർത്തും വിലകൽപ്പിക്കാത്ത സർക്കാരിന്റെ സമീപനത്തിനെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത ശക്തമായി പ്രതിഷേധിച്ചു.

## KCYM 22/23 പ്രതിഷേധ ജ്വാല

വന്യമൃഗ ശല്യം മൂലം ഉണ്ടാകുന്ന ആശങ്കകളോട് അധികാര ഭരണകൂടത്തിന്റെ നിശബ്ദതക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപതയും തങ്കമണി കെ.സി.വൈ.എം. യൂണിറ്റും സംയുക്തമായി പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപതയിലെ നിരവധി യുവജനങ്ങൾ പ്രതിഷേധ ജ്വാലയിൽ പങ്കെടുത്തു.

## KCYM 23/23 നോമ്പുകാല തീർത്ഥാടനം

നാല്പതാം വെള്ളിയാഴ്ചയോട് അനുബന്ധിച്ച് ഇടുക്കി രൂപത സംഘടിപ്പിച്ച എഴുകുംവയൽ കുരിശുമലയിലേക്കുള്ള നോമ്പുകാല തീർത്ഥാടനത്തിൽ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനോടൊപ്പം ഇടുക്കി രൂപതയിലെ യുവജനങ്ങളും സജീവ സാന്നിധ്യമായി. പാണ്ടിപ്പാറയിൽ നിന്നും ആരംഭിച്ച തീർത്ഥാടനത്തിൽ കെ.സി.വൈ.എം. രൂപതാ സമിതി അംഗങ്ങളും വിശ്വാസപൂർവ്വം പങ്കുചേർന്നു.

## KCYM 24/23 തുടക്കം 2K23 അംഗത്വ ക്യാമ്പയിൻ

സുവിശേഷോത്സവത്തിനോട് അനുബന്ധിച്ച് യുവജനങ്ങളെ കെ.സി.വൈ.എം. ലേക്ക് സ്വാഗതം ചെയ്തുകൊണ്ട് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ തുടക്കം 2K23 അംഗത്വ ക്യാമ്പയിന് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ തുടക്കമിട്ടു. തുടർന്ന് ഏപ്രിൽ 30 വരെയുള്ള ദിവസങ്ങളിൽ ഇടുക്കി രൂപതയിലെ എല്ലാ ഇടവകകളിലും അംഗത്വ ക്യാമ്പയിൻ നടത്തപ്പെടും.

## KCYM 25/23 കായികോത്സവ ലോഗോ പ്രകാശനം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രഥമ കായികോത്സവത്തിന്റെ ലോഗോ പ്രകാശനം ഇടുക്കി രൂപത എഡ്യൂക്കേഷൻ സെക്രട്ടറി ഫാ. ജോർജ് തകിടിയേൽ പ്രകാശനം ചെയ്തു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 23/23 ദിവ്യകാരുണ്യ ആരാധന

ജീസസ് യൂത്ത് ഇടുക്കി സോണിന്റെയും, തോപ്രാംകുടി സബ്സോണിന്റെയും നേതൃത്വത്തിൽ ഏപ്രിൽ മാസത്തെ നൈറ്റ് വിജിൽ പാവനാത്മാ കോളേജ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു.

## JY 24/23 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട് എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തി വരുന്നു.

## JY 25/23 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ഏപ്രിൽ മാസം 14, 15 തീയതികളിൽ, അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് ചാപ്ലെൻ ഫാ. ആന്റണി പാറക്കടവിൽ അച്ചന്റെയും, ആനിമേറ്റർ സി. ബ്ലസി സി.എം.സി. യുടെയും സാന്നിധ്യ

ത്തിൽ നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 26/23 സോണൽ ഫാമിലി ഗാതറിങ്

സോണൽ ഫാമിലി ടീമിന്റെ നേതൃത്വത്തിൽ തെള്ളിത്തോട് സെന്റ് ജോസഫ് ക്നാനായ ദൈവാലയത്തിൽ വച്ച് ഏപ്രിൽ മാസം 14-ാം തീയതി ഫാമിലി ഗാതറിങ് നടത്തപ്പെട്ടു. പതിനാറ് ജീസസ് യൂത്ത് കുടുംബങ്ങൾ പങ്കെടുത്തു. വിശുദ്ധ കുർബാന, പങ്കുവയ്ക്കൽ, കൂട്ടായ്മ എന്നിവയിലൂടെ ശക്തിപ്പെടുവാനും എല്ലാ മാസവും ഒരുമിച്ചു കൂടുവാനും തീരുമാനിച്ചു. അന്നേദിവസത്തെ ഗാതറങ്ങിൽ ഫാ. ഗോഡ്സൺ കണ്ണംപ്ലാക്കൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## JY 27/23 ഹാമിയ യൂത്ത് റിട്രീറ്റ്

ജീസസ് യൂത്ത് തോപ്രാംകുടി സുബ്സോണിന്റെ നേതൃത്വത്തിൽ ഹാമിയ യൂത്ത് റിട്രീറ്റ് നടത്തപ്പെട്ടു, +1, +2 കുട്ടികൾക്കായി പടമുഖം സ്നേഹമന്ദിരത്തിൽ ഏപ്രിൽ മാസം 26 മുതൽ 30 വരെ തീയതികളിലായിരുന്നു ധ്യാനം.

## JY 28/23 കോഡിനേറ്റേഴ്സ് & അസിസ്റ്റന്റ് കോഡിനേറ്റേഴ്സ് മീറ്റിംഗ്

കഴിഞ്ഞ രണ്ടു വർഷക്കാലം ജീസസ് യൂത്ത് ഇടുക്കി സോണിനെ മുന്നോട്ടു നയിച്ച എല്ലാ മിനിസ്ട്രി കോഡിനേറ്റേഴ്സ് & അസിസ്റ്റന്റ് കോഡിനേറ്റേഴ്സിന്റെ മീറ്റിംഗ് ഓൺലൈൻ ആയി കൂടുകയും, ഇവാലുവേഷൻ നടത്തുകയും, വരും വർഷത്തേക്കുള്ള മിനിസ്ട്രി പ്ലാനിങ് നടത്തുകയും ചെയ്തു.

## JY 29/23 ഉണർവ് ഫോർമേഷൻ ഗാതറിങ്

ജീസസ് യൂത്ത് കേരളാ ഫോർമേഷൻ ടീമിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം 22, 23 തീയതികളിൽ ഇടക്കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ വച്ച് "ഉണർവ്വ്" എന്ന പേരിൽ സോണൽ ഫോർമേഷൻ സ്റ്റഡി ഗ്രൂപ്പ്, സോണൽ കൗൺസിൽ, മിനിസ്ട്രി കോർഡിനേറ്റർസ്, ബെയ്സ് ടീം അംഗങ്ങൾ എന്നിവരുടെ ഗാതറിങ് നടത്തപ്പെട്ടു, ഇടുക്കിയിൽ നിന്നും പത്തുപേർ പങ്കെടുത്തു.

## JY 30/23 ജാ ഗോ നാഷണൽ കോൺഫറൻസ്

2023 ഒക്ടോബറിൽ ബാംഗ്ലൂരിൽ വച്ച് നടത്തപ്പെടുന്ന ജീസസ് യൂത്ത് നാഷണൽ കോൺഫറൻസിന്റെ സോണൽ മൊബിലൈസേഷൻ ടീം രൂപീകരിക്കുകയും ടീം മീറ്റിംഗ് കൂടുകയും ചെയ്തു, സോണൽ ഫാമിലി കോഓർഡിനേറ്റർ ജോയി തൊണ്ണമാക്കലിന്റെ നേതൃത്വത്തിലാണ് സോണിലെ മൊബിലൈസേഷൻ ടീം പ്രവർത്തിക്കുക, ജാ ഗോ നാഷണൽ കോൺഫറൻസിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

## JY 31/23 പറുദീസ +2 മീറ്റ്

കേരളാ ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023 മെയ്മാസം 18 മുതൽ 21 വരെ ചാലക്കുടി ഡിവൈൻ ധ്യാന കേന്ദ്രത്തിൽ വച്ച് പറുദീസ 2 എന്ന പേരിൽ ഈ വർഷം +2 പാസ് ഔട്ട് ആകുന്ന കുട്ടികൾക്കായി ഒരു കോൺഫറൻസ് നടത്തപ്പെടുന്നു, വിദേശത്തും സ്വദേശത്തുമായി ഉപരിപഠനത്തിനു പോകുമ്പോൾ വിശ്വാസത്തെ കൂടെ ചേർത്തുപിടിക്കാനും കൂട്ടായ്മയിൽ വളർന്നു കൂദാശകളിൽ ജീവിക്കുവാനും യുവജനങ്ങളെ പ്രാപ്തരാക്കുന്ന ഈ പ്രോഗ്രാമിലേക്ക് ഏവരേയും ഹൃദ്യമായി ക്ഷണിക്കുന്നു.

ഇടുക്കിയിൽ നിന്നും പ്രോഗ്രാമിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി വാഹന സൗകര്യം ഉണ്ടായിരിക്കും, രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കുമായി ബന്ധപ്പെടുക.

അമൽ ജോണി – +91 70129 78500
ജിതിൻ ഫ്രാൻസിസ് – +91 99613 07720

## FA 5/23 വിവാഹ ഒരുക്ക സെമിനാർ മെയ് 2023

സ്നേഹമുള്ളവരെ, ഇടുക്കി രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ മെയ് മാസം 12, 13, 14 തീയതികളിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

വിവാഹ ഒരുക്ക സെമിനാർ മെയ് മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 14-ാം തീയതി ഞായറാഴ്ച അവസാനിക്കുന്നതാണ്.

പങ്കെടുക്കുന്നവർ മൂന്ന് ദിവസം താമസിച്ച് പങ്കെടുക്കുവാൻ വേണ്ട ആവശ്യവസ്തുക്കളും ബഹു. വികാരിയച്ചന്റെ എഴുത്തും കരുതേണ്ടതാണ്.

ഞായറാഴ്ച ഉച്ചക്ക് മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

പങ്കെടുക്കുന്നവർ ഫോൺ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാമിലി അപ്പോസ്തലേറ്റ് - 9447413328**
**സി. സോഫിയ റോസ് CMC - 6235931254**
**സി. നിത്യ CMC - 8078755919**

## MV 06/23 മേഖലാ കൺവൻഷൻ

പാറത്തോട് സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ വച്ച് 07-05-2023 (ഞായർ) മേഖലാ കൺവൻഷൻ നടത്തപ്പെടുന്നു.

## MV 07/23 ബൈബിൾ കൈയെഴുത്തു വിജയികൾ

### MALE A GROUP ENGLISH

| | | |
|---|---|---|
| FIRST | : | Sojan Joseph Puthenpurayil Lowerkuamavu |
| SECOND | : | Tins Joseph Cherukarakunnel Ezhukumvayal |
| THIRD | : | Sunny Thomas Parathodu |
| CONSOLATION PRICE | : | Sebastian Varkey Koombanmala |

### FEMALE A GROUP ENGLISH

| | | |
|---|---|---|
| FIRST | : | Celine Michle Keerempel Lower Kulamavu |
| SECOND | : | Lucy Jose Ambatt Pandippara |
| THIRD | : | Kochurani Joseph Erattayar |
| CONSOLATION PRICE | : | Mini Ayiramacre |
| | | Jancy Thattaparambil Kiliyarkandam |
| | | Kochurani Joy Kadavil |
| | | Elsamma Kuriyachan Pazhayarikandam |
| | | Stella Jaison Pottenkadu |
| | | Jolly Jose Avimuttil Kalvarymount |

### MALE A GROUP MALAYALAM

| | | |
|---|---|---|
| FIRST | : | Jins Joseph Ezhukumvayal |
| SECOND | : | Shiju Manuel Vazhathope |
| THIRD | : | James Thomas |
| CONSOLATION PRICE | : | Peter P.C. Ayiramacre |
| | | Bijumon A.V. Keerithode |
| | | Jhony George Josegiri |
| | | Benny pulliyil Kailasam |
| | | James Joseph Kallolickal Rajapuram |
| | | C.D. Mathewkutty Cheradiyil Nedumkandam |
| | | Binu George Kallarkutty |
| | | Thomas Kuzhiyamplavil Ellakalu |
| | | Antony Joseph Puthenpurackal |

## FEMALE A GROUP MALAYALAM

FIRST : Pauly Benny Parathipalil Rajakumari
SECOND : Lissy Jhony arackakalayil Kiliyarkandam
THIRD : Rosamma Chacko Kavunkal Thankamani
CONSOLATION PRICE : Mercy Paul Pulickal Thokkupara
Philomina Solomon Vellathooval
Mini Ayiramacre
Lali Varghese Pulikkattil Venmony
Lucy Vincent Kalathinckal Vazhathope
Shiny Thankachan Valavumkottu
Jaisamma Kuzhipallil Nedumkandom
Lauli Jose Chembananickal Kaanchiyar
Lisamma Joseh Kochuparambil Georgiyar

## MALE B GROUP ENGLISH

FIRST : Bony Thomas Parathodu
SECOND : Shinto Tojo Chembakappara
THIRD : Sony Jojo Pandiyamackal Rajapuram
CONSOLATION PRICE : Ajo Varghese Vettukallumpurathu Karithode
Siby Mathew Kallarkuty
Justine Johnson Makkiyil Lowerkulamavu

## FEMALE B GROUP ENGLISH

FIRST : Bindhu Tomy Parapallil Manjapetty
SECOND : Veenus Malayil Josegiri
THIRD : Lucy Shalu Mukkudam
CONSOLATION PRICE : Lissy Sebastian Pottenplackal Ellakal
Biji Sojan Josegiri
Bincy Baby Mandapathil Vazhavara
Sawmya Babu Olickal
Litty Sunny Kuthirakal

## MALE B GROUP MALAYALAM

FIRST : Joby sibichan Chembalam
SECOND : Mathew John Kunchithanny
THIRD : Joji Mathew Pandiyamackal Rajapuram

CONSOLATION PRICE : Rony Varghese Shauryamkuzhiyil Eattithope
Joseph M I Ozhukayil Vellayamkudy
Sajimon A. V Ambalatharayil Keerithode

| | | |
|---|---|---|
| | | Manu Rejo Valavanattu Udayagiri |
| | | Vinu P Antony Parapalikunnel Pinav |
| | | Sony James Illimoottil Sleevamala |

## FEMALE B GROUP MALAYALAM

| | | |
|---|---|---|
| FIRST | : | Desna Bijo Thekkemuriyil Pottankadu |
| SECOND | : | Juby Shiju Kakkanattu Rajakumari |
| THIRD | : | Jincy Biju Thakarapai Maniyarankudi |
| CONSOLATION PRICE | : | Seena Aby Parathodu |
| | | Mini Kodathara Kanakakunnu |
| | | Litty Sunny Cherukunnel Kuthirakallu |
| | | Sawmya Baby Olickal Mankulam |
| | | Shiny George Kanayammackal Nedumkandam |
| | | Deepa Saji Venmony |
| | | Bincy Babu Ponnamala |
| | | Gisha Siji Poothakuzhiyil |
| | | Linta Veliyampallil Machiplavu |

## MALE Y GROUP ENGLISH

| | | |
|---|---|---|
| FIRST | : | Roby M Baby Koombanpara |
| SECOND | : | Albin Mathew Mavady |
| THIRD | : | Paul Joseph Josegiri |

## FEMALE Y GROUP ENGLISH

| | | |
|---|---|---|
| FIRST | : | Aeesha Roy Kurisupara |
| SECOND | : | Tinse Varkichan Thonakkara Erattayar |
| THIRD | : | Anaida Babychen Vazhayil |
| CONSOLATION PRICE | : | Johanna Babu Rajakkad |
| | | Anju Saijo Mukkadam |
| | | Ashma Manoj Mulakaramedu |
| | | Anadia Babichan Vazhayil Mavadi |
| | | Chelsy Maria Illickal CalvaryMount |
| | | Meri Reji Arackal Kallarkutty |
| | | Anu George Karinthakaracka Kattakala |
| | | Nayana Sibi Mankuzhichalil Manjappara |

## MALE Y GROUP MALAYALAM

| | | |
|---|---|---|
| FIRST | : | Roby M Baby Koombanpara |
| SECOND | : | Babu John Kanthipara |
| THIRD | : | Abin Benoy Anakulam |
| CONSOLATION PRICE | : | Sebin Shaji Kochuparambi |

## FEMALE Y GROUP MALAYALAM

| | | |
|---|---|---|
| FIRST | : | Aida Rose Siby Thopramkudy |
| SECOND | : | Aleena Joy Udayagiri |
| THIRD | : | Ann Maria Thokkupara |
| CONSOLATION PRICE | : | Alphonsa Devasia Thankamany |
| | | Anju Justin Kallarkutty |
| | | Joysy joy Kanthipara |
| | | Jomsy Jose Manjapetty |
| | | Donamol Baby Ponnamala |

## BOYS ENGLISH (S)

| | | |
|---|---|---|
| FIRST | : | Alen K Joseph Eattithope |
| SECOND | : | Josu Shaiju Rajakumari |

## BOYS MALAYALAM (S)

| | | |
|---|---|---|
| FIRST | : | Christo Tijo Thopramkudy |
| SECOND | : | Emmanuel Binu Kallarkutty |
| THIRD | : | Elbin Sijo Churly |
| CONSOLATION PRICE | : | Felix Lijo Vattapara |
| | | Edwin Prince Vazhathope |
| | | Emmanuel Boby Kunchithanny |
| | | Albert Bincy Parathode |
| | | Edwin Jhon Rajesh Murickassery |
| | | Joseph Bincy |
| | | Noyal Animon Vellayamkudy |

## GIRLS ENGLISH (S)

| | | |
|---|---|---|
| FIRST | : | Elna Joseph Erattayar |
| SECOND | : | Eva Saimy Malayil Josegiri |
| THIRD | : | Blessy Shijo Mulakuvally |

## GIRLS MALAYALAM (S)

| | | |
|---|---|---|
| FIRST | : | Agha Tomy Ponmudi |
| SECOND | : | Aleena Biju Keerithodu |
| THIRD | : | Ann Maria Thomas Thankamani |
| CONSOLATION PRICE | : | Leema Rose Prince Koonamackal Maniyaramkudi |
| | | Aleena George Kallar |
| | | Ester Rose Rajesh |
| | | Liya Stanly Rajakumari |
| | | Elna Elizabeth shaji Mavadi |

Ajai Siju Mallappattil Mavadi
Helna Sanish Kulamackal Mavadi
Dayana Sijo Keerithodu
Aleena Binu Vazhathope
Ayana Elsa Joys Kombayar
Dayana Shaji Panickankudy
Agnes Mathew Koombanmala
Angel Joseph Mulakaramedu
Santa Mathew Kappalumackal Bethel

എല്ലാവർക്കും അഭിനന്ദങ്ങൾ.



## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 16/23 ഔട്ട് റീച്ച് പ്രോഗ്രാം

നോമ്പുകാലത്തെ ഇടവക നവീകരണ ധ്യാനത്തോടനുബന്ധിച്ച് കരിമ്പൻ ഇടവകയിലെ എല്ലാ ഭവനങ്ങളും പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സന്ദർശിച്ചു.

### PG 17/23 ഇടവക നവീകരണ ധ്യാനം

ചിന്നാർ നിരപ്പ് ഇടവകയിലും ആൽപ്പാറ ഇടവകയിലും വലിയ നോമ്പിനോടനുബന്ധിച്ച് ഏപ്രിൽ മാസത്തിൽ ഇടവക നവീകരണ ധ്യാനങ്ങൾ നടത്തി.

### PG 18/23 ഏകദിന സെമിനാർ

പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ ഔട്ട് റീച്ച് പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ ശുശ്രൂഷകരെയും ഒരുമിച്ച് ചേർത്ത് മെയ് മാസത്തിൽ ഒരു ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു.

### PG 19/23 ക്രിസ്റ്റീൻ ധ്യാനം

ക്രിസ്റ്റീൻ കുട്ടികൾക്കായുള്ള ധ്യാനം ഏപ്രിൽ മാസം 23-ാം തീയതി വൈകുന്നേരം നാലുമണി മുതൽ 26-ാം തീയതി ഉച്ചയ്ക്ക് 2 മണി വരെ പടമുഖം സ്നേഹ മന്ദിരത്തിൽ വച്ച് നടക്കുന്നു. ധ്യാന

വിജയത്തിനായി മധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മ നടന്നുവരുന്നുണ്ട്.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 22/23 പ്രതിഷേധ ജ്വാല അടിമാലി

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി വിവിധ കാർഷിക വിഷയങ്ങൾ ഉന്നയിച്ച് കേരളത്തിൽ ആകമാനം നടത്തിക്കൊണ്ടിരിക്കുന്ന കർഷക സമരങ്ങളുടെ ഭാഗമായി ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ അടിമാലിയിൽ വമ്പിച്ച കർഷക റാലിയും പ്രതിഷേധ ജ്വാലയും നടത്തപ്പെട്ടു. പ്രതിഷേധ ജ്വാല ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ സ്വഗതം ആശംസിച്ചു. ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ വിഷയാവതരണം നടത്തി. ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവിൽ, രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം, രൂപതാ ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ, ഫാ. ജിൻസ് കാരയ്ക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

## AKCC 23/23 എക്സിക്യൂട്ടീവ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി 16-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ ഓഫീസിൽ ചേർന്നു. ജില്ലയിലെ ഭൂപ്രശ്നങ്ങൾ ഉന്നയിച്ച് സമരങ്ങളും കർഷക കൺവൻഷനുകളും നടത്തുന്നതിനും, യൂണീറ്റ് സന്ദർശനങ്ങൾ തുടരുന്നതിനും, ഏപ്രിൽ 30 പതാക ദിനമായി എല്ലാ യൂണിറ്റുകളിലും ആചരിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

## AKCC 24/23 105-ാമത് ജന്മദിന സമ്മേളനം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ ദ്വാരകയിൽ

നടത്തപ്പെടുന്ന 105-ാമത് ജന്മദിനാഘോഷത്തിൽ ഇടുക്കി രൂപതയിൽ നിന്ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രതിനിധികൾ പങ്കെടുക്കും.

### AKCC 25/23 യൂത്ത് കൗൺസിൽ ക്യാമ്പ്

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ യൂത്ത് കൗൺസിൽ അംഗങ്ങൾക്കായി മെയ് 20-ാം തീയതി വാഴത്തോപ്പിൽ ഏകദിന ക്യാമ്പ് സംഘടിപ്പിക്കും.

## വാർത്തകളും വിശേഷങ്ങളും

### ഒന്നര നൂറ്റാണ്ടിന് മുൻപ് ഫ്രാൻസിൽ രക്തസാക്ഷിത്വം വരിച്ച 5 വൈദികർ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ

പാരീസ്: ഒന്നര നൂറ്റാണ്ടിന് മുൻപ് ഫ്രാൻസിൽ ക്രിസ്തുവിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ട 5 വൈദികരെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. ഇക്കഴിഞ്ഞ ഏപ്രിൽ 22 ന് ഫ്രഞ്ച് തലസ്ഥാനമായ പാരീസിലെ സെന്റ് സൾപ്പൈസ് ദേവാലയത്തിൽവെച്ച് വത്തിക്കാൻ നാമകരണ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാൾ മാർസെല്ലോ സെമാരോയാണ് പ്രഖ്യാപനം നടത്തിയത്. സെന്റ് വിൻസെന്റ് ഡി പോൾ സേക്രഡ് ഹാർട്ട് ഓഫ് ജീസസ് സമൂഹാംഗങ്ങളായ ഫാ. ഹെൻറി പ്ലാൻചാട്ട്, ഫാ. ലാഡിസ്ലാസ് റാഡിഗു, ഫാ. പോളികാർപ്പ് ടുഫിയർ, ഫാ. മാർസെലിൻ റൌചൌസെ, ഫാ. ഫ്രെസാൽ ടാർഡ്യു എന്നീ വൈദികരാണ് 1871 മെയ് 6 ന് കൊല്ലപ്പെട്ടത്. സർക്കാർ വിരുദ്ധ കലാപം കൊടുമ്പിരിക്കൊണ്ട ആ ആഴ്ച "രക്തരൂക്ഷിത വാരം" എന്നാണ് അറിയപ്പെടുന്നത്.

1871-ലെ പെസഹ വ്യാഴാഴ്ച ഏപ്രിൽ 6-നായിരുന്നു ഫാ. പ്ലാൻചാട്ട് അറസ്റ്റിലാകുന്നത്. ഒരാഴ്ച കഴിഞ്ഞ് ഏപ്രിൽ 12-ന് മറ്റുള്ള വൈദികരും അറസ്റ്റിലായി. മെയ് 26-നാണ് ഇവർ കൊല ചെയ്യപ്പെടുന്നത്. പാരീസിനെ നിയന്ത്രിച്ചിരുന്ന വിപ്ലവകാരികളും കത്തോലിക്ക വിരുദ്ധ പ്രസ്ഥാനമായ പാരീസ് കമ്മ്യൂണിന്റെ ഭരണത്തിന്റെ അവസാനത്തിൽ ആയിരങ്ങളാണ് കൊല്ലപ്പെട്ടത്. അഞ്ചു വൈദികരുടെ ജീവി

തകഥ ഇന്നത്തേക്കുള്ള മുന്നറിയിപ്പ് കൂടിയാണെന്നും അത് പ്രത്യാശ പകരുന്നതാണെന്നും നാമകരണ ചടങ്ങിനിടെ വിശുദ്ധ കുർബാന മധ്യേ നടത്തിയ പ്രസംഗത്തിൽ കർദ്ദിനാൾ മാർസെല്ലോ പറഞ്ഞു.

തൊഴിലാളി ലോകത്തിന്റെ സുവിശേഷവൽക്കരണത്തിനും, കുട്ടികളെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനായി ഒരുക്കുന്നതിനുമായി ജീവിതം സമർപ്പിച്ചിരുന്ന ഫാ. ഹെൻറി പ്ലാൻചാട്ട് തന്റെ 47-ാമത്തെ വയസ്സിലാണ് കൊല്ലപ്പെടുന്നത്. പാവങ്ങൾക്കും കുട്ടികൾക്കും വേണ്ടി നിലകൊണ്ട ഫാ. ഫ്രെസാൽ ടാർഡ്യു അൻപത്തിയാറാമത്തെ വയസ്സിലാണ് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടത്. തടവിൽ കഴിയുമ്പോൾ തന്റെ സഹതടവുകാരുടെ മനം കവർന്ന ഫാ. പോളികാർപ്പ് ടുഫിയർ കൊല്ലപ്പെടുമ്പോൾ അറുപത്തിനാല് വയസ്സായിരിന്നു പ്രായം. ഒരു വൈദികനാകാൻ താൻ യോഗ്യനല്ലെന്ന് വിശ്വസിച്ചിരുന്ന ഫാ. പോളികാർപ്പ് ടുഫിയർ അറുപതിലും, സഹതടവുകാരുടെ ആത്മീയ കാര്യങ്ങൾ നോക്കിയിരുന്ന ഫാ. ലാഡിസ്ലാസ് റാഡിഗു 48 വയസ്സിലുമാണ് കൊല്ലപ്പെടുന്നത്.

മല്പാൻ മാത്യു വെള്ളാനിക്കൽ

# ക്രിസ്തീയജീവിതവും മനുഷ്യ ബന്ധങ്ങളും

## (തിരുവചനഭാഗം: റോമാ 14,1-23)

വിശ്വാസത്തിൽ ദുർബലരായവരെയും, പുതുതായി വിശ്വാസം സ്വീകരിച്ചെത്തുന്നവരുടെ അറിവില്ലായ്മയെയും സ്നേഹത്തോടെയും ബഹുമാനത്തോടെയും നേരിടണമെന്ന് ശ്ലീഹാ ഉപദേശിക്കുന്നു. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. പരസ്പരം വിധിക്കാതിരിക്കുക (14,1-4)
2. കർത്താവിനുവേണ്ടി ജീവിക്കുക (14,5-9)
3. ദൈവതിരുമുമ്പിൽ വ്യാപരിക്കുക (14,10-12)
4. മനഃസാക്ഷിയെ മാനിക്കുക (14,13-18)
5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുക (14,19-23)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. പരസ്പരം വിധിക്കാതിരിക്കുക

*"വിശ്വാസത്തിൽ ഉറപ്പില്ലാത്തവനെ സ്വീകരിക്കുവിൻ; അത് അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചു തർക്കിക്കാനാകരുത്. ഒരുവൻ തനിക്ക് എന്തും ഭക്ഷിക്കാമെന്നു വിശ്വസിക്കുന്നു. ദുർബലനായ മറ്റൊരുവനാകട്ടെ, സസ്യം മാത്രം ഭക്ഷിക്കുന്നു. ഭക്ഷിക്കുന്നവൻ ഭക്ഷിക്കാത്തവനെ നിന്ദിക്കരുത്; ഭക്ഷിക്കാത്തവൻ ഭക്ഷിക്കുന്നവനെ വിധിക്കുകയുമരുത്. എന്തെന്നാൽ, ദൈവം അവനെ സ്വീകരിച്ചിരിക്കുന്നു. മറ്റൊരാളുടെ സേവകനെ വിധിക്കാൻ നീ ആരാണ്? സ്വന്തം യജമാനന്റെ സന്നിധിയിലാണ് അവൻ നിൽക്കുകയോ വീഴുകയോ ചെയ്യു*

*ന്നത്. അവനെ താങ്ങിനിർത്താൻ യജമാനനു കഴിവുള്ളതുകൊണ്ട് അവൻ നിൽക്കുകതന്നെ ചെയ്യും*" (14,1-4).

റോമിലെ സഭയിൽ നിലനിന്നിരുന്ന ഏതെങ്കിലും അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് കേട്ടറിഞ്ഞതിന്റെ വെളിച്ചത്തിലാകാം വി. പൗലോസ് പരസ്പരം വിധിക്കരുത് എന്ന ഉപദേശം നൽകുന്നത്. വിശ്വാസത്തിൽ ദുർബലരായവരെയും പുതുതായി വിശ്വാസം സ്വീകരിച്ചവരുടെ അറിവില്ലായ്മയെയും പരിഹസിക്കുന്നവരെയുമാകാം പൗലോസ്ശ്ലീഹാ ഇവിടെ വിമർശിക്കുന്നത്. യഹൂദക്രൈസ്തവരും വിജാതീയക്രൈസ്തവരും തമ്മിലുള്ള തർക്കമാണോ ഇവിടുത്തെ പ്രതിസന്ധിക്കു കാരണം എന്ന് സംശയിക്കാൻ കാരണമുണ്ട്. ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചുള്ള തർക്കം യഹൂദരും വിജാതീയരും തമ്മിൽ ആദിമസഭയിൽ നിരന്തരം സംഭവിച്ചിരുന്നതാണ്. നിയമത്തിന്റെ ബന്ധനത്തിൽനിന്ന് വിമുക്തരാക്കപ്പെട്ട ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം യഹൂദനിയമത്തിലെ ശുദ്ധാശുദ്ധഭക്ഷണവ്യത്യാസം പാലിക്കാൻ ബാധ്യതയില്ല എന്നാണ് പൗലോസ്ശ്ലീഹാ വാദിക്കുന്നത്. ദുർബലർ എന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് വിജാതീയക്രൈസ്തവരെയും, അവരെ വിധിക്കുന്നവരായി കുറ്റപ്പെടുത്തുന്നത് യഹൂദക്രൈസ്തവരെയുമാകാം.

സഭാസമൂഹത്തിൽ അഭിപ്രായവ്യത്യാസങ്ങളും നിലപാടുവ്യത്യാസങ്ങളും ഉണ്ടാവുക സ്വാഭാവികമാണ്. അപ്രകാരമുള്ള സാഹചര്യങ്ങളിൽ അവരെ എതിരാളികളായി കാണാതെ, മനസ്സിലാക്കുന്ന സ്നേഹത്തോടെ നേരിടാൻ നമുക്കു കഴിയണം. ആരെയും വിധിക്കരുത് എന്നുള്ളത് ഗിരിപ്രഭാഷണത്തിൽ ഈശോ നൽകുന്ന അടിസ്ഥാനപരമായ നിർദേശമാണ്: "വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും" (മത്താ 7,1-3). ഒരാളെ വിധിക്കുന്നത് അയാളെ വധിക്കുന്നതിനു തുല്യമാണെന്നു പറയാം. കാരണം അയാളുമായി തുറവിയോടെ ബന്ധപ്പെടുവാനും, അയാളുമായി ശരിയായ സ്നേഹബന്ധം സ്ഥാപിക്കുവാനും സാധിക്കാതെവരും. അതുകൊണ്ട് വിധിയെല്ലാം ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട്, വ്യത്യസ്ത അഭിപ്രാ

യങ്ങളും നിലപാടുകളുമുള്ളവരെ, മനസ്സിലാക്കുന്ന സ്നേഹംകൊണ്ട് നേരിടാൻ നാം പരിശ്രമിക്കണം. സഭാസമൂഹത്തിൽ ഇപ്രകാരമുള്ള ബന്ധങ്ങൾ വളർത്താൻ അജപാലകർ ശ്രദ്ധിക്കണം.

**2. കർത്താവിനുവേണ്ടി ജീവിക്കുക**

*"ഒരുവൻ ഒരു ദിവസത്തെ മറ്റൊരു ദിവസത്തെക്കാൾ വില മതിക്കുന്നു. വേറൊരുവൻ എല്ലാ ദിവസങ്ങളെയും ഒരുപോലെ മതിക്കുന്നു. ഓരോരുത്തർക്കും താന്താങ്ങളുടെ മനസ്സിൽ ഉത്തമബോധ്യമുണ്ടായിരിക്കട്ടെ. ഏതെങ്കിലും ദിവസം ആചരിക്കുന്നവൻ കർത്താവിന്റെ സ്തുതിക്കായി അത് ആചരിക്കുന്നു. ഭക്ഷിക്കുന്നവൻ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നതുകൊണ്ട് കർത്താവിന്റെ സ്തുതിക്കായി ഭക്ഷിക്കുന്നു. ഭക്ഷണം ഉപേക്ഷിക്കുന്നവൻ കർത്താവിന്റെ സ്തുതിക്കായി അതുപേക്ഷിക്കുകയും ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു. നമ്മിലാരും തനിക്കുവേണ്ടി ജീവിക്കുന്നില്ല; തനിക്കുവേണ്ടി മാത്രം മരിക്കുന്നുമില്ല. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്. എന്തെന്നാൽ, മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവായിരിക്കുന്നതിനുവേണ്ടിയാണ് മിശിഹാ മരിച്ചതും പുനർജീവിച്ചതും"* (14,5-9).

ഇവിടെ പരാമർശിക്കുന്ന ദിവസങ്ങളുടെ സവിശേഷതയെക്കുറിച്ചുള്ള തർക്കം വിജാതീയർ അനുഷ്ഠിച്ചിരുന്ന സവിശേഷമായ ചില ദിനങ്ങളെയും കാലങ്ങളെയും സൂചിപ്പിക്കുന്നതാണ്. നമ്മുടെ നാട്ടിലെ രാഹുകാലം, ശനിദശ, വെള്ളിയാഴ്ചപ്രശ്നം തുടങ്ങിയ ആചാരങ്ങൾ പോലെ റോമിലെ വിജാതീയക്രൈസ്തവരുടെയിടയിലും പഞ്ചാംഗാധിഷ്ഠിതമായ ചില ആചാരങ്ങൾ ഉണ്ടായിരുന്നതായി അനുമാനിക്കാം. യഹൂദരുടെ സാബത്താചരണത്തെക്കുറിച്ചുള്ള തർക്കവും ഇവിടെ പരോക്ഷമായി സൂചിപ്പിക്കപ്പെടുന്നുണ്ടെന്നു കരുതാം. ഈ പശ്ചാത്തലത്തിൽ പൗലോസ്ശ്ലീഹാ നൽകുന്ന ഉത്തരം ലളിതമാണ്: എന്തുചെയ്യുമ്പോഴും ദൈവമഹത്ത്വത്തിനും അവിടുത്തേക്കു നന്ദയർപ്പിച്ചുകൊണ്ടു ചെയ്യുക. അതായത് ദൈവമഹത്ത്വവും അവിടുത്തേക്ക് നന്ദിപറയുന്നതുമാണ് ക്രൈസ്ത

വരെ സംബന്ധിച്ച് പ്രസക്തമായിട്ടുള്ളത്. മറ്റു തർക്കങ്ങളൊന്നും വിശ്വാസികളുടെയിടയിൽ പാടില്ല. ഇക്കാര്യത്തിൽ അജപാലകർ പ്രത്യേകം ശ്രദ്ധിക്കുകയും അജഗണങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യണം.

ഒരു മനുഷ്യനും ഒറ്റപ്പെട്ടു ജീവിക്കാൻ സാധിക്കുകയില്ല. മാനുഷികമായ തലത്തിൽ അവൻ മാതാപിതാക്കന്മാരിൽനിന്നും ലഭിച്ച പൈതൃകവുമായിട്ടാണ് ജീവിക്കുന്നത്. അതുപോലെതന്നെ അവരിൽനിന്നും ജനിക്കുന്ന മനുഷ്യരുമായുള്ള ബന്ധത്തിലും ജീവിക്കണം. വിവാഹിതരും അവിവാഹിതരും ഈ സാമൂഹ്യസ്വഭാവമുള്ളവരാണ്. അതുകൊണ്ട് മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹ്യജീവിയാണ്, മറ്റുള്ളവരുമായി ബന്ധപ്പെട്ടും അവർക്കുവേണ്ടിയും ജീവിക്കുക എന്നത് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ സ്വഭാവമാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻ മാമ്മോദീസായിലൂടെ മിശിഹായിൽ ജീവിക്കുന്നവനാണ്. മിശിഹായിലൂടെ ലോകം സൃഷ്ടിക്കപ്പെട്ടതുകൊണ്ടും (യോഹ 1, 3) മിശിഹാ ലോകരക്ഷകനായതുകൊണ്ടും (യോഹ 4, 42) അവൻ മനുഷ്യകുലത്തോടുമുഴുവൻ മിശിഹായിൽ ബന്ധപ്പെട്ടവനുമാണ്. അതുകൊണ്ട് ക്രൈസ്തവിശ്വാസികൾ കർത്താവായ മിശിഹാക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യേണ്ടവരാണ്. മിശിഹായിലുള്ള വിശ്വാസം നാം പ്രായോഗികമാക്കേണ്ടത്, അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടാണ്. അജപാലകർക്കും അജഗണങ്ങൾക്കും ഇതു പ്രസക്തമാണ്.

**3. ദൈവതിരുമുമ്പിൽ വ്യാപരിക്കുക**

*"നീ എന്തിനു നിന്റെ സഹോദരനെ വിധിക്കുന്നു? അഥവാ നീ എന്തിനു നിന്റെ സഹോദരനെ നിന്ദിക്കുന്നു? നാമെല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിൻമുമ്പാകെ നിൽക്കേണ്ടവരാണല്ലോ. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: എല്ലാ മുട്ടുകളും എന്റെ മുമ്പിൽ മടങ്ങും; എല്ലാ നാവുകളും ദൈവത്തെ പുകഴ്ത്തുകയും ചെയ്യും എന്നു കർത്താവു ശപഥപൂർവ്വം അരുളിച്ചെയ്യുന്നു. ആകയാൽ, നാം ഓരോരുത്തരും ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരും"* (14,10-12).

ദൈവതിരുമുമ്പിലെ ന്യായവിധിയെപ്രതി മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നും വിട്ടുനിൽക്കാനാണ് പൗലോസ്ശ്ലീഹാ ആവശ്യപ്പെടുന്നത്. എല്ലാ മുട്ടും മടങ്ങുന്ന ദൈവത്തിന്റെ ന്യായാസനത്തെക്കുറിച്ച്, ഏശ 45, 23 ഉദ്ധരിച്ചുകൊണ്ട്, ശ്ലീഹാ അവരെ ഓർമ്മിപ്പിക്കുന്നു. വിധിയാളനായി പൗലോസ് കരുതുന്നത് മിശിഹായെയാണ്. സമാനമായ ചിന്ത യഹൂദരുടെയിടയിൽ ഉണ്ടായിരുന്നു (സങ്കീ 2, 72). പൗലോസ്ശ്ലീഹാ അതിനു പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. “ദൈവത്തിന്റെ മുമ്പാകെയും, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന ഈശോമിശിഹായുടെ മുമ്പാകെയും, അവന്റെ ആഗമനത്തിന്റെയും രാജ്യത്തിന്റെയും പേരിൽ ഞാൻ നിന്നെ ഇപ്രകാരം ചുമതലപ്പെടുത്തുന്നു” എന്നു പറഞ്ഞ് തിമോത്തിയെ പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നുണ്ട് (2 തിമോ 4, 1). ഓരോ വിശ്വാസിയും, തന്റെ സകലപ്രവൃത്തികളുടെയും കണക്ക് ഈശോയുടെ മുമ്പിൽ സമർപ്പിക്കേണ്ടിവരും എന്നതിനാൽ മറ്റുള്ളവരെ വിധിക്കുന്നതിൽനിന്ന് വിട്ടുനില്ക്കണം.

ഈശോമിശിഹായിലായിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല എന്ന് ശ്ലീഹാ പറയുന്നുണ്ട് (റോമാ 8,1). മറ്റുള്ളവരെ വിധിക്കുന്നവന് ശിക്ഷാവിധിയുള്ളതുകൊണ്ട് അവർ ഈശോയിലല്ല എന്നാണ് വി. പൗലോസ് അർത്ഥമാക്കുന്നത്. അതേസമയം വിശ്വാസികളുടെ ഇടയിലെ തർക്കങ്ങൾക്ക് വിശ്വാസികളുടെ സമൂഹം തന്നെ തീർപ്പുകല്പ്പിക്കണം എന്നു പൗലോസ്ശ്ലീഹാ പറയുന്നുമുണ്ട് (1 കൊറി 6,1-8). അതുകൊണ്ട് നൈയ്യാമികമായ നിയമവ്യവസ്ഥിതിയും വിധിയും ക്രൈസ്തവർക്ക് നിഷിദ്ധമല്ല. അതേസമയം സ്നേഹത്തിനും ഐക്യത്തിനും ഹാനികരമാകത്തക്കവിധമുള്ള കുറ്റാരോപണങ്ങളെയാണ് പൗലോസ്ശ്ലീഹാ നിരുത്സാഹപ്പെടുത്തുന്നത്. അതോടൊപ്പം ദൈവതിരുമുമ്പിലുള്ള വിധി മിശിഹായോടൊപ്പമാണെന്ന വസ്തുതയും ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. അതായത് മിശിഹായിൽ ജീവിക്കുന്നവർക്ക് അന്ത്യവിധിയിൽ മിശിഹായുടെ രക്ഷാകരസാന്നിദ്ധ്യം ഉണ്ടായിരിക്കും. അതുകൊണ്ട്, മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നും വിട്ടുനിന്നുകൊണ്ട്, മിശിഹായിൽ സ്നേഹജീവിതം നയിക്കാൻ വിശ്വാസികൾക്കു സാധിക്കണം. ഇക്കാര്യത്തിൽ അജപാലകർ വിശ്വാസികൾക്ക് ആവശ്യമായ ഉൽബോധനങ്ങൾ നല്കണം.

**4. മനഃസാക്ഷിയെ മാനിക്കുക**

*"തൻമൂലം, മേലിൽ നമുക്കു പരസ്പരം വിധിക്കാതിരിക്കാം. സഹോദരന് ഒരിക്കലും മാർഗതടസ്സമോ ഇടർച്ചയോ സൃഷ്ടിക്കുകയില്ല എന്നു നിങ്ങൾ പ്രതിജ്ഞ ചെയ്യുവിൻ. സ്വതേ അശുദ്ധമായി ഒന്നുമില്ലെന്നു കർത്താവായ ഈശോയിലുള്ള വിശ്വാസംവഴി ഞാൻ അറിയുകയും എനിക്കു ബോധ്യപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഒരു വസ്തു അശുദ്ധമാണെന്നു കരുതുന്നവന് അത് അശുദ്ധമായിരിക്കും. ഭക്ഷണം നിമിത്തം നിന്റെ സഹോദരന്റെ മനസ്സു വിഷമിക്കുന്നെങ്കിൽ നിന്റെ പെരുമാറ്റം സ്നേഹത്തിനു ചേർന്നതല്ല. മിശിഹാ ആർക്കുവേണ്ടി മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കരുത്. അതിനാൽ, നിങ്ങളുടെ നന്മ തിന്മയായി നിന്ദിക്കപ്പെടാതിരിക്കട്ടെ. കാരണം, ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്. ഇപ്രകാരം മിശിഹായെ ശുശ്രൂഷിക്കുന്നവൻ ദൈവത്തിനു സ്വീകാര്യനും മനുഷ്യർക്കു സുസമ്മതനുമാണ്"* (14,13-18).

എല്ലാ ഭക്ഷണസാധനങ്ങളും വിശുദ്ധമാണ് എന്ന പ്രഖ്യാപനം ആദിമസഭയുടെ വിശ്വാസത്തിന്റെ ഭാഗമായിരുന്നു (മത്താ 15,11,17-20; അപ്പ 10,15,28; തീത്തോ 1,15). യഹൂദരുടെ ശുദ്ധാശുദ്ധിയെക്കുറിച്ചുള്ള വിയോജിപ്പ് എന്ന നിലയിൽ മാത്രമേ ഈ വിശ്വാസത്തെ കരുതാനാവൂ. അല്ലാതെ സകലഭക്ഷണങ്ങളും ശുദ്ധമാണ് എന്നത് ക്രിസ്തീയവിശ്വാസത്തിന്റെ ഭാഗമായിരുന്നില്ല. അതിനാലാണ് പൗലോസ്ശ്ലീഹാ ഭക്ഷണത്തെക്കുറിച്ചുള്ള തർക്കത്തെ മനസ്സാക്ഷിയുടെ തീരുമാനത്തിനു വിടുന്നത് (14,14). വിശ്വാസവളർച്ചയുടെ ഭാഗമായി പുതിയ കാഴ്ചപ്പാടുകളുമായി ഒത്തുപോകുന്നതിന് സാവകാശവും വിവേചനവും ആവശ്യമുണ്ട് എന്ന അജപാലനപരമായ തിരിച്ചറിവാണ് വി. പൗലോസിനെ ഇപ്രകാരമൊരു നിലപാടിൽ എത്തിച്ചത്. സഹോദരന്റെ മനസ്സുവേദനിപ്പിക്കുന്നതും സ്നേഹത്തിനു ഭംഗം വരുത്തുന്നതുമാണെങ്കിൽ നമ്മുടെ നിലപാടുകളിൽ വിട്ടുവീഴ്ചവരുത്തണം എന്ന നിലപാടാണ് പൗലോസിനുള്ളത്.

ഈ സന്ദർഭത്തിൽ പൗലോസ്ശ്ലീഹാ ദൈവരാജ്യത്തെക്കു

റിച്ചു പരാമർശിക്കുന്നുണ്ട്. ദൈവരാജ്യം എന്ന വാക്ക് വി. പൗലോസിന്റെ ലേഖനങ്ങളിൽ കുറവാണെങ്കിലും സഭയും ദൈവരാജ്യവും തമ്മിലുള്ള ബന്ധം പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിലും കാണാം. പാപത്തിന്റെ ഭരണക്രമത്തിനെതിരേയുള്ള, വരപ്രസാദത്തിന്റെ ഭരണത്തെയാണ് പൗലോസ്ശ്ലീഹാ ദൈവരാജ്യമെന്ന് വിവക്ഷിക്കുന്നത് (ഗലാ 5,12-21). ദൈവരാജ്യത്തെ കേവലം ആത്മീയ യാഥാർത്ഥ്യമാക്കിയല്ല പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. നീതി, സമാധാനം, സന്തോഷം, പരിശുദ്ധാത്മാവ് എന്നീ പദങ്ങളാണ് ദൈവരാജ്യത്തിന്റെ സ്വഭാവം നിർണ്ണയിക്കാനായി പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്നത്. ദൈവം ഭരിക്കുന്ന വ്യവസ്ഥിതി തന്നെയാണ് ദൈവരാജ്യം എന്നതുകൊണ്ട് വി.പൗലോസ് വിവക്ഷിക്കുന്നത്. അനാവശ്യവിവാദങ്ങളിലൂടെ, മിശിഹായുടെ ബലിയർപ്പണത്തിലൂടെ കരഗതമായ രക്ഷയെ നിഷ്ഫലമാക്കരുത് എന്നാണ് പൗലോസ്ശ്ലീഹാ ഇവിടെ അർത്ഥമാക്കുന്നത്. സഭാസമൂഹത്തിൽ മിശിഹാ നൽകിയ സമാധാനത്തിനും സ്നേഹത്തിനും ഭംഗംവരുത്താതെ, എല്ലാവരുടെയും മനഃസാക്ഷിയെ മാനിച്ചുകൊണ്ട് ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

### 5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുക

*"ആകയാൽ, സമാധാനത്തിനും പരസ്പരോത്കർഷത്തിനും ഉതകുന്നവ നമുക്ക് അനുവർത്തിക്കാം. ഭക്ഷണത്തിന്റെ പേരിൽ നിങ്ങൾ ദൈവത്തിന്റെ പ്രവൃത്തി നിഷ്ഫലമാക്കരുത്. എല്ലാ വസ്തുക്കളും ശുദ്ധമാണ്. എന്നാൽ, അപരനു വീഴ്ചയ്ക്കു കാരണമാകത്തക്കവിധം ഭക്ഷിക്കുന്നവന് അതു തിന്മയായിത്തീരുന്നു. മാംസം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരനു പാപകാരണമാകുന്നതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്. ഇക്കാര്യത്തിലുള്ള നിന്റെ വിശ്വാസം ദൈവസന്നിധിയിൽ പരിരക്ഷിക്കുക. താൻ അംഗീകരിക്കുന്ന കാര്യങ്ങളിൽ മനഃസാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാനാണ്. സംശയത്തോടെ ഭക്ഷിക്കുന്നവൻ ശിക്ഷിക്കപ്പെടും. എന്തെന്നാൽ, വിശ്വാസമനുസരിച്ചല്ല അവൻ പ്രവർത്തിക്കുന്നത്. വിശ്വാസത്തിൽനിന്നല്ലാതെ ഉത്ഭവിക്കുന്നതെന്തും പാപമാണ്"* (14,19-23).

വിശ്വാസമാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെയും അതിനനുസൃതമായ ജീവിതത്തിന്റെയും അടിസ്ഥാനം. വിശ്വാസത്തിന് പലമാനങ്ങളുണ്ട്. ഒന്ന്, 'ദൈവത്തെ വിശ്വസിക്കുക': ദൈവം തെറ്റുപറ്റാത്തവനാണ് എന്ന് അംഗീകരിക്കുന്ന വിശ്വാസം. രണ്ട്, ദൈവത്തിന്റെ സവിശേഷതകളെല്ലാം മനസ്സിലാക്കി ബൗദ്ധികതലത്തിൽ ദൈവത്തെ അംഗീകരിക്കുന്ന വിശ്വാസം. മൂന്ന്, ദൈവത്തിൽ ആശ്രയം വയ്ക്കുന്ന വിശ്വാസം. നാല്, ജീവിതം മുഴുവനും ദൈവത്തിനു സമർപ്പിച്ചുകൊണ്ടും, ദൈവവുമായി സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ടും ദൈവഹിതാനുസൃതം ജീവിച്ചുകൊണ്ടുമുള്ള വിശ്വാസം. ഈ മാനദണ്ഡങ്ങളെല്ലാം ഉൾക്കൊള്ളുന്ന ജീവിതമാണ് വിശ്വാസജീവിതം. ഈ ദൈവം മിശിഹായുടെ രക്ഷാപ്രവർത്തനത്തിലൂടെ സ്വയം വെളിപ്പെടുത്തി എന്നംഗീകരിച്ചുകൊണ്ട് മിശിഹായിൽ വിശ്വസിക്കുന്നതാണ് ക്രിസ്തീയവിശ്വാസം. ഈ വിശ്വാസമാണ് ക്രിസ്തീയജീവിതത്തിന് അടിസ്ഥാനമായിത്തീരേണ്ടത്.

ഈ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സാക്ഷി കുറ്റപ്പെടുത്താത്തവിധം ജീവിക്കുന്നതാണ് വിശുദ്ധി. "മനസ്സാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാൻ" എന്ന പ്രസ്താവന സങ്കീ 32,1-2 നെ അടിസ്ഥാനമാക്കിയുള്ളതാണ്. ഭാഗ്യവാൻ എന്ന സൗഭാഗ്യാശംസ ഗിരിപ്രഭാഷണത്തിലെ സുവിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് (മത്താ 5,3-11). അപ്രകാരം വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാൻ ക്രൈസ്തവർക്കു കഴിയണം. അതേസമയം ചഞ്ചലമനസ്സ് വിശ്വാസത്തിനു വിരുദ്ധവും ശിക്ഷാർഹവുമാണ്. അപ്രകാരം ചഞ്ചലമനസ്സുള്ളവർ സമൂഹത്തിലുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഉണ്ടെങ്കിൽ അവരെ പരിഗണിക്കുവാനും സഹായിക്കുവാനും വിശ്വാസികൾക്കു കടപ്പാടുണ്ട്. വിശ്വാസത്തിൽ ഉറപ്പുള്ളവൻ വിശ്വാസത്തിൽ ചഞ്ചലമനസ്കരായവരെ പരിഗണിക്കുകയും സഹായിക്കുകയും ചെയ്യണം. അപ്രകാരം വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാനാണ് പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. ഇപ്രകാരം ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ പ്രോത്സാഹിപ്പിക്കണം.

**ജീവിതസൂചിക**

1. മനസ്സിലാക്കുന്ന സ്നേഹം ജീവിക്കുവാനും അപ്രകാരം ജീവി

ക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

2. കർത്താവിനുവേണ്ടി ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. മറ്റുള്ളവരെ വിധിക്കാതെ മിശിഹായിൽ സ്നേഹജീവിതം നയിക്കാൻ ശ്രമിക്കുകയും, അപ്രകാരം ജിവിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
4. മറ്റുള്ളവരുടെ മനഃസ്സാക്ഷിയെ മാനിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?
5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും എനിക്കു സാധിക്കുന്നുണ്ടോ?

# വി. മൂറോൻ കൂദാശ





**Sahyanadham**

Annual Subscription Rs. 350.00
Date of Publication: 01/05/2023

Reg. No. KL/IDK/08/2022-2024
RNI Reg No. KERMAL/2004/12498






മാർപാപ്പയുടെ പ്രാർത്ഥന നിയോഗം മെയ് 2023

**സഭാ സംഘടനകളും പ്രസ്ഥാനങ്ങളും**

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer & Publisher, Rev. Fr. James Bishop's House, Idukki- 685 602